# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## എ.യു.പി. സ്ക്കൂൾ ഷൊർണ്ണൂർ

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
## എ.യു.പി. സ്ക്കൂൾ ഷൊർണ്ണൂർ

**അദ്ധ്യായം-1**

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വെയ്ക്കുന്ന ഏറ്റവും പ്രധാന ആശയം പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം സമഗ്രമായി ഉയർത്തുക എന്നതാണ്. ഹൈടെക് സൗകര്യങ്ങൾ വിദ്യാലയത്തിലൊരുക്കുന്നത് ഓരോ കുട്ടിയുടെയും പാഠ്യ പാഠ്യാനുബന്ധ പ്രവർത്തന നിലവാരം ഏറ്റവും മികച്ചതാക്കുന്നതിനാണ്.

എല്ലാവർക്കും സമഗ്ര പ്രാഥമിക വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യുന്നതിലൂടെ മാത്രമെ സമത്വം, സാമൂഹ്യനീതി, ജനാധിപത്യം എന്നിവയുടെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നീതിയുക്തവും മനുഷ്യത്വപരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും സാധിക്കുകയുള്ളൂ എന്ന ഭരണഘടനാ തത്ത്വത്തിൽ ഊന്നിയാണ് വിദ്യാഭ്യാസ അവകാശ നിയമത്തിന് രൂപം നൽകിയിട്ടുള്ളത്. ഇത് സാക്ഷാത്ക്കരിക്കുന്നതിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വഹിക്കാനുള്ള പങ്ക് വളരെ വലുതാണ്... ഏറെ പ്രതീക്ഷ നൽകുന്നതാണ്. നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തന പദ്ധതി തീർച്ചയായും ഈ ആശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ളതാണ്.

●●●●●●

# പൊതുലക്ഷ്യങ്ങൾ

- ലോകത്തെവിടെയുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും നേടുന്നു എന്നുറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും പഠനത്തിനും, വികാസത്തിനും തുല്ല്യ അവസരങ്ങൾ നൽകി അവരുടെ കഴിവുകൾ പരമാവധി ഉയർന്നതലത്തിലേക്കെത്തിക്കുക.

- മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം - മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ. സമൂഹത്തിന്റെ മുന്നോട്ടുപോക്കിനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുന്ന പഠനപ്രക്രിയയും-പഠനാന്തരീക്ഷവുമൊരുക്കുക.

- നമ്മുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും മികച്ച മാനസിക-വൈകാരിക ശാരീരിക അവബോധവും ആരോഗ്യവും ഉറപ്പാക്കുക.

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം ശുചിത്വാവബോധം, മാലിന്യ നിർമ്മാർജ്ജനാവബോധം, ലിംഗാവബോധം, ലഹരി വസ്തുക്കളുടെ ദോഷവശങ്ങളെക്കുറിച്ചുള്ള അവബോധം, ശാസ്ത്രാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്ക് ലഭ്യമാക്കുക.

- മാതൃഭാഷയ്ക്കൊപ്പം -ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുന്നതിന് ആവശ്യമായ തനത് രീതി വികസിപ്പിക്കുക-പ്രാവർത്തികമാക്കുക

- വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

- നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.

- പ്രാഥമി വിദ്യാഭ്യാസ കാലത്തെ എല്ലാ വിദ്യാലയ അനുഭവങ്ങളും ഓരോ കുട്ടിയേയും മികച്ച പൗരനാക്കി വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നതാവണം. പരസ്പര സ്നേഹം, വിശ്വാസം, സംഘബോധം, യുക്തിചിന്ത എന്നിവയെ പരിപോഷിപ്പിക്കുന്നതാവണം.

●●●●●●

## അദ്ധ്യായം രണ്ട്

# വിദ്യാലയ ചരിത്രം

പഠനവും, വിദ്യാലയവും നിഷേധിക്കപ്പെട്ട ഒരു സമൂഹത്തിന് അക്ഷരവെളിച്ചം പകർന്നുനൽകുന്നതിന് പൊക്കാളത്ത് അവിനാശി എഴുത്തച്ഛൻ 1921ൽ ഷൊർണ്ണൂർ റെയിൽവെസ്റ്റേഷനടുത്ത് ഒരു പഴയ കെട്ടിടത്തിന്റെ തട്ടിൻപുറത്ത് അനൗപചാരികമായി ആരംഭിച്ച എഴുത്ത് പള്ളിക്കൂടമാണ് പിന്നീട് ഷൊർണ്ണൂർ-എ.യു.പി. സ്ക്കൂളായി വളർന്നത്. 1925 മുതൽ വിദ്യാലയം ഷൊർണ്ണൂർ നഗരഹൃദയത്തിലുള്ള സ്വന്തം കെട്ടിടത്തിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിച്ചുവന്നിരുന്നു. 1200ൽ പരം കുട്ടികൾ ഉണ്ടായിരുന്ന വിദ്യാലയത്തിൽ മ്യൂസിക്, ഡ്രോയിങ്ങ് ഫിസിക്കൽ എഡ്യുക്കേഷൻ എന്നീ മൂന്ന് സ്പെഷലിസ്റ്റ് അധ്യാപകരടക്കം 40 അധ്യാപകർ ഉണ്ടായിരുന്നു. സംസ്ഥാനത്തെ തന്നെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായിരുന്നു അന്ന് വിദ്യാലയം. അവിനാശി എഴുത്തച്ഛന്റെ കാലശേഷം അനുജനായ കൃഷ്ണൻകുട്ടി എഴുത്തച്ഛൻ മകനായ നാരായണനെഴുത്തച്ഛൻ എന്നിവർ വിദ്യാലയത്തിന്റെ മാനേജർമാരായി സേവനമനുഷ്ടിച്ചിട്ടുണ്ട്. പിന്നീട് പൊക്കാളത്ത് വിജയകുമാർ, ശ്രീമതി. സരസ്വതി ടീച്ചർ എന്നിവർ മാനേജർമാരായി 1970 മുതൽ 25 വർഷക്കാലം വിവിധ കാരണങ്ങളാൽ വിദ്യാലയത്തിന്റെ നടത്തിപ്പ് ചമുതല പാലക്കാട് ജില്ലാ കലക്ടറിൽ നിക്ഷിപ്തമായിരുന്നു. ഈ കാലയളവിൽ വിദ്യാലയ കെട്ടിടങ്ങളുടെ പരിപാലനം-വിരമിച്ച അധ്യാപകർക്ക് പകരമുള്ള നിയമനങ്ങൾ എന്നിവയ്ക്ക് കാര്യമായ തടസ്സം നേരിടുകയും വിദ്യാലയത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു. 1992 മുതൽ മുൻ ഒറ്റപ്പാലം ഡി.ഇ.ഒ. ശ്രീ. മാധവൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തിയ ജനകീയ ഇടപെടലോടെ 1995ൽ വിദ്യാലയം തിരിച്ച് മാനേജ്മെന്റിനുതന്നെ നൽകിക്കൊണ്ട് സർക്കാർ ഉത്തരവായി. അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ, നഗരസഭാ ചെയർമാൻ ശ്രീ. എം. നാരായണൻ, പ്രധാനാധ്യാപകൻ ശ്രീ. പി.കെ. രാമചന്ദ്രൻ മാസ്റ്റർ എന്നിവരുടെ പ്രവർത്തനം സ്കൂളിന്റെ നിലനിൽപ്പിന് വലിയ സംഭാവനകളാണ് നൽകിയത്. 1995 ആഗസ്റ്റ് മാസത്തിൽ വിദ്യാലയം മാനേജ്മെന്റിന് കീഴിൽ പ്രവർത്തിച്ചുവരികയാണ്. പിന്നീടുള്ള വർഷങ്ങളിലും വിദ്യാലയത്തിന് എടുത്ത്പറയാവുന്ന ഒട്ടേറെ നേട്ടങ്ങളുണ്ടായി. 1997-98 മുതൽ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ മികച്ച വിദ്യാലയത്തിനുള്ള ഹരിശ്രീ അവാർഡ് മൂന്ന് തവണ വിദ്യാലയം

തുടർച്ചയായി നേടി. 1998-99ൽ നാഷണൽ ചിൽഡ്രൻസ് കോൺഗ്രസ്സിന്റെ സംസ്ഥാനതലത്തിൽ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നമ്മുടെ കുട്ടികൾ ശ്രദ്ധേയമായ പ്രൊജക്ട് അവതരിപ്പിച്ച് സമ്മാനം നേടി. വിവിധ മേളകളിൽ ഉപജില്ലാ /ജില്ലാ തലങ്ങളിൽ നമ്മുടെ സാന്നിദ്ധ്യം എടുത്ത് പറയാവുന്നതാണ്. 2007-08ൽ വർഷത്തിൽ തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാനതല മികവുകളുടെ അവതരണത്തിൽ പാലക്കാട് ജില്ലയെ പ്രതിനിധീകരിച്ച് നമ്മുടെ വിദ്യാലയത്തിലെ അധ്യാപകൻ ബാബുരാജിന്റെ നേതൃത്വത്തിൽ കുട്ടികൾ ഒരുക്കിയ കടലാസുതുണ്ടുകൾക്ക് പറയാനായത് എന്ന ഹ്രസ്വ പരിസ്ഥിതി സിനിമ പ്രദർശിപ്പിക്കുകയും പ്രത്യേക പുരസ്കാരം നേടുകയും ചെയ്തു. 2008 മെയ് മാസത്തെ വിദ്യാരംഗം മാസികയിൽ നമ്മുടെ വിദ്യാലയത്തിന്റെ ഈ പ്രവർത്തനത്തെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. NUMATS പരീക്ഷയുടെ സംസ്ഥാനതലമത്സരത്തിൽ നിരന്തരം നമ്മുടെ കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കുന്നുണ്ട്.

2017 ഒക്ടോബർ മാസത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തിയ അക്ഷരോത്സവം പരിപാടിയുടെ സംസ്ഥാന തലത്തിൽ കഥാപാത്രനിരൂപണത്തിൽ നമ്മുടെ 7-ാം ക്ലാസ്സ് വിദ്യാർത്ഥി - മിഥുൻ മോഹൻ ഒന്നാം സ്ഥാനം നേടി. കോവിഡ് കാലത്ത് വിദ്യാലയത്തിലെ 100% കുട്ടികളേയും ഓൺലൈൻ ക്ലാസ്സുകളിൽ എത്തിക്കുന്ന പ്രവർത്തനം നമുക്ക് നടത്താനായി. 12 ടെലിവിഷൻ സെറ്റുകൾ 25 മൊബൈൽഫോൺ എന്നിവ ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് നമുക്ക് വിതരണം ചെയയാൻ സാധിച്ചു.

2020-21, 2021-22 വർഷങ്ങളിൽ പാഠഭാഗങ്ങൾക്കപ്പുരമുള്ള ഓൺലൈൻ പ്രവർത്തനങ്ങളിൽ മികവുപുലർത്താൻ നമ്മുടെ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തിയ "വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം" എന്ന പരിസ്ഥിതി നിരീക്ഷണ പ്രോജക്ട് പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട മികച്ച അഞ്ചെണ്ണത്തിൽ ഒന്ന് ഈ വിദ്യാലയത്തിലെ മാധവ് ഷാജി തയ്യാറാക്കിയതായിരുന്നു. അതുപോലെ തന്നെ എസ്.എസ്.കെ,യുടെ നേതൃത്വത്തിൽ നടത്തിയ കേരള-ഹിമാചൽപ്രദേശ് സാസംക്കാരിക വിനിമയ പരിപാടികളിൽ സംസ്ഥാനതലത്തിൽ പാലക്കാട് ജില്ലയെ പ്രതിനിധീകരിച്ച പങ്കെടുത്തത് നമ്മുടെ വിദ്യാലയത്തിലെ ഗഗനാഭ് ആയിരുന്നു. വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ ഗഗനാഭിന്റെ അവതരണത്തിന് മികച്ച അഭിപ്രായം നേടിയെടുക്കാനായി. 2020-21 മുതൽ LSS, USS പരീക്ഷകളിൽ മികച്ച വിജയം നേടാൻ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്.

വിദ്യാലയത്തിൽ തുടർച്ചയായി നടത്തുന്ന നാടക സാഹിത്യ ശില്പശാലകളിലൂടെ അഭിനയത്തിലും രചനയിലും മികവ് തെളിയിക്കുന്ന കുട്ടികളെ വാർത്തെടുക്കാൻ വിദ്യാലയത്തിന് സാധിക്കുന്നു. മലയാള സിനിമയിലെ ബാലതാരം വസിഷ്ഠ് അഭിനയരംഗത്തേക്ക് ചുവടുറപ്പിച്ചത് നമ്മുടെ വിദ്യാലയത്തിൽ നടന്ന വിവിധ ക്യാമ്പുകളിലൂടെയാണ്.

## ശ്രദ്ധേയരായ വ്യക്തികൾ

1. **മുൻ ധനമന്ത്രിയും മഹാരാഷ്ട്ര ഗവർണറുമായിരുന്ന ശ്രീ. കെ. ശങ്കരനാരായണൻ, കലാമണ്ഡലം സത്യഭാമ ടീച്ചർ, മുൻ നഗരസഭാ ചെയർമാൻ ശ്രീ. എം. നാരായണൻ, പ്രശസ്ത നാടക പ്രവർത്തകൻ ബാൽസൺ ഷൊർണ്ണൂർ, ശ്രീ. സതീശൻ (മുൻ പാലക്കാട് എസ്.പി. വിജിലൻസ്), ശ്രീ. രാമദാസ് (മുൻ ഷൊർണ്ണൂർ എസ്.ഐ.) തുടങ്ങി ഒട്ടേറെ പ്രമുഖ വ്യക്തികൾ നമ്മുടെ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയവരാണ്.**

●●●●●●

## അദ്ധ്യായം മൂന്ന്

# വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുന്നതിനും വിദ്യാലയത്തെ അന്താരാഷ്ട്ര അക്കാദമിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനും താഴെ പറയുന്ന പ്രവർത്തന കാഴ്ചപ്പാടുകളാണ് ഈ മാസ്റ്റർ പ്ലാനിലൂടെ വിദ്യാലയം മുന്നോട്ട് വയ്ക്കുന്നത്.

### 1. മാതൃഭാഷാ ശേഷി വികസനം

ഒരു കുട്ടി കാര്യങ്ങൾ മനസ്സിലാക്കുന്നതും ചിന്തിക്കുന്നതും മാതൃഭാഷയിൽ ആണ് എന്നതിനാൽ കുഞ്ഞിന്റെ സമഗ്രവികാസത്തിൽ മാതൃഭാഷാ പഠനവും പ്രയോഗവും ഏറ്റവും പ്രധാനപ്പെട്ടതാണ്. മികച്ച മാതൃഭാഷാശേഷി കൈവരിക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ പദ്ധതി ലക്ഷ്യമിടുന്നു.

(1) സൗഗന്ധികം രചനാശില്പശാലകൾ

(2) ഫലപ്രദമായ ഭാഷാ സർഗ്ഗവേളകൾ

(3) വൈവിധ്യമുള്ള വായനാസാമഗ്രികൾ

(4) മികച്ച ക്ലാസ്സ്-സ്ക്കൂൾ ലൈബ്രറി

(5) ക്ലാസ്സ് തല കയ്യെഴുത്ത് മാസിക (രണ്ട് മാസത്തിലൊരിക്കൽ)

(6) സർഗ്ഗച്ചുമർ

(7) കുട്ടിമലയാളം-ഭാഷാ ബ്ലോഗ്

(8) എഴുത്തുകാരോടൊപ്പം - (സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കുന്ന പ്രത്യേക പരിപാടി മാസത്തിൽ ഒന്ന്

(9) കഥയരങ്ങ്

(10) കവിയരങ്ങ്

(11) ഇൻലൻഡ് മാഗസിൻ - കുട്ടികളുടെ രചനകൾ/അനുഭവങ്ങൾ ഉൾക്കൊള്ളുന്നത്

(12) മലയാളത്തിളക്കം/വായനച്ചങ്ങാത്തം

(13) ക്ലാസ്തല ഭാഷാ ക്ലബ്ബ് രൂപീകരണം

(14) ഭാഷാപഠനത്തിന്നുതകുന്ന വൈവിധ്യമുള്ള ICTസാധ്യതകൾ ഒരുക്കൽ.

ഭാഷാപഠനത്തിന്റെ ഭാഗമായി കുട്ടി സ്വായത്തമാക്കുന്ന അറിവുകളുടെ പ്രയോഗത്തിനും

ചിന്തകളുടെ ബഹിർസ്ഫുരണത്തിനും പരമാവധി സാധ്യതകൾ ഒരുക്കുന്നത് വഴി മികച്ച എഴുത്തുകാർ, സാഹിത്യവിമർശകർ/നിരൂപകർ/പ്രാസംഗികർ/വായനക്കാർ എന്നിവർ ക്ലാസ്സ് മുറികളിൽ വളർന്നവരും കൂടാതെ തെറ്റുകൂടാതെ എഴുതാനും വായിക്കാനുമുള്ള കഴിവുകൾ-സർഗ്ഗാത്മക രചനകളുട പരിപോഷണം എന്നിങ്ങനെ ബഹുമുഖ ശേഷി മേഖലകൾ പരിപോഷിപ്പിക്കപ്പെടും.

## 2. ഗണിതശേഷി വികസനം

ആശയധാരണയ്ക്ക് പൊതുവെ പ്രയാസമുള്ള വിഷയമാണ് ഗണിതം എന്നാൽ ഗണിതത്തിന്റെ അടിസ്ഥാനാശയങ്ങൾ, 1 മുതൽ 7 വരെ അതാതു ക്ലാസ്സുകളിൽ നിന്ന് നേടേണ്ടത് കുട്ടി നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത്-കുട്ടിയുടെ നിത്യജീവിതത്തെ നേരിട്ടുബാധിക്കുന്ന പ്രശ്നമാണ്. അതുപോലെ ഉന്നതസാങ്കേതിക പഠനരംഗങ്ങളിൽ ഉൾപ്പെടെ ഗണിതശാസ്ത്രത്തിന്റെ അനന്ത സാധ്യതകളുടെ ജാലകം കുട്ടിക്ക് മുൻപിൽ തുറക്കണമെങ്കിൽ പ്രൈമറി ക്ലാസ്സുകളിലെ ഗണിതശേഷികളിലെ മികവ് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ പദ്ധതി ലക്ഷ്യമിടുന്നു,

(1) ഗണിത പഠനം ആകർഷകവും രസകരവുമാക്കണം. അതിന് ഐ.സി.ടി. സാധ്യതകളും ഗണിതലാബിന്റെ പരമാവധി ഉപയോഗവും ഉറപ്പുവരുത്തുന്നു.

(2) ഓരോ കുട്ടിക്കും ഗണിതകിറ്റ് ഒരുക്കണം.

(3) നാലുവരെ ക്ലാസ്സുകളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള ആകർഷകവും വൈവിധ്യമുള്ളതുമായ പ്രവർത്തനങ്ങൾ

(4) വിദ്യാലയത്തെ ഗണിത വത്ക്കരിക്കുക.

(5) ക്ലാസ്സ് ഗണിത മാഗസിൻ

(6) ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം പരിചയപ്പെടൽ ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുന്നുക.

(7) ഉല്ലാസ ഗണിതം-ഗണിത വിജയം

(8) ഓരോ കുട്ടിക്കും നിത്യജീവിതത്തിലെ ഗണിതത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന പ്രൊജക്ടുകൾ നൽകൽ

(9) വിവിധ ഗണിത ശാസ്ത്ര മേഖലകളെക്കുറിച്ച് ധാരണയും അവയുടെ സാധ്യതയും ബോധ്യപ്പെടുത്തൽ

(10) ഗണിതശില്പശാല (ഗണിതശാസ്ത്ര അഭിരുചി വളർത്തുന്നതിനും ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും.

(11) NUMATS പരിശീലനം എല്ലാ വർഷവും സംസ്ഥാന തല വിജയികളെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ.

ഗണിത പ്രവർതതനങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ സ്ക്കൂളിലെ മുഴുവൻ കുട്ടികളെയും ഗണിത ശാസ്ത്രത്തിന്റെ നിർദ്ദിഷ്ട ശേഷികൾ കൈവരുന്നതിനും ഉന്നതനിലവാരത്തിലെത്തിക്കുന്നതിനും സാധിക്കുന്നു.

### 3. ഇംഗ്ലീഷ് പഠന പരിപോഷണം

സ്ക്കൂളിലെ എല്ലാ കുട്ടികൾക്കും ലോകഭാഷയായ ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെയും ഫലപ്രദമായും വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് വികസിപ്പിക്കണം. ഇംഗ്ലീഷിലെ ഏത് വ്യവഹാര രൂപവും അനായാസേന കൈകാര്യം ചെയ്യാനുള്ള കഴിവ് എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ഉണ്ടാവണം. ഭാവിയിൽ കുട്ടികൾക്ക് ഏത് വിഷയത്തിലെയും ഉന്നതപഠനത്തിനും പ്രകടനത്തിനും അടിത്തറ പാകുന്ന വിധത്തിൽ ഇംഗ്ലീഷ് പഠനാനുഭവം ഓരോ കുട്ടിയ്ക്കും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി താഴെ പറയുന്ന പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

(1) ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിൽ 2 ദിവസം)

(2) ഇംഗ്ലീഷ് വാർത്താബോർഡ്

(3) ഇംഗ്ലീഷ് ഡയറികുറിപ്പ് തയ്യാറാക്കൽ

(4) ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി-വായനസാമഗ്രികൾ-ലഘുപുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും

(5) ഇംഗ്ലീഷ് ശില്പശാലകൾ (രചന/വായന മുതലായവ)

(6) ക്ലാസ്സ്മുറിയിലെ ഇംഗ്ലീഷ് അന്തരീക്ഷം ഉറപ്പുവരുത്തൽ

(7) സർഗ്ഗവേള മാതൃകയിൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ. സംഘാടനം-അവതരണം ഉൾപ്പെടെയുള്ള കുട്ടികളുടെ നേതൃത്വം - മുഴുവൻ കുട്ടികൾക്കും പങ്കാളിത്തം

(8) പതിപ്പുകൾ/മാഗസിനുകൾ തയ്യാറാക്കൽ, എല്ലാ കുട്ടികളുടേയും സൃഷ്ടികൾ

(9) ഇംഗ്ലീഷ് Word Games/Puziles etc.

(10) ഇംഗ്ലീഷ് കേൾക്കുന്നതിനും വായിക്കുന്നതിനും പറയുന്നതിനും ചിന്തിക്കുന്നതിനും

ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തൽ (വാർത്താ വായന കേൾക്കുക, Story Telling, Narration of events/ etc.

(11) English ആത്മവിശ്വാസത്തോടെ ഉപയോഗിക്കുന്നതിന് പ്രദേശിക വിദഗ്ധരുടെ ക്ലാസ്സുകൾ ക്രമീകരിക്കുക.

ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിന് വിവരണങ്ങൾ, വാർത്തകൾ, കഥകൾ ചെറുസിനിമകൾ തുടങ്ങിയവ നിരന്തരം കാണുന്നതിനും ബോധപൂർവ്വം അവസരങ്ങൾ നൽകുന്നതുവഴി ഇംഗ്ലീഷ് മടികൂടാതെ ഉപയോഗിക്കുന്നതിന് കുട്ടികളും അതോടൊപ്പം അധ്യാപകരും രക്ഷിതാക്കളും പ്രാപ്തരാവും. ഇത് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ദേശവ്യത്യാസമില്ലാതെ ആരോടും ഇംഗ്ലീഷിൽ സംവദിക്കുന്നതിനും പ്രാപ്തരാക്കും. ഉന്നതപഠനത്തിന്റെ ഭാഗമായുള്ള ആശയധാരണയ്ക്കും-പ്രകടനത്തിനും ഏറ്റവും മികച്ച അടിത്തറ ഉറപ്പിക്കാൻ ഈ പ്രവർത്തനങ്ങൾ വഴി സാധിക്കും.

## 4. ശാസ്ത്രപഠനപരിപോഷണ പരിപാടി

കേവല ശാസ്ത്ര പുസ്തക പഠനത്തിനപ്പുരം കുട്ടികൾ ശാസ്ത്രബോധമുള്ളവരും-ശാസ്ത്രീയ കാഴ്ചപ്പാടുള്ളവരുമായി മാറുക എന്നതാണ് ഏറ്റവും പ്രധാനം. പൊതുസമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായ യുക്തിസഹമായ നിലപാടെടുക്കുന്നതിനും നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളിലും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലും ശാസ്ത്രീയമായ അറിവുകളുടെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായ നിലപാടെടുക്കാനും നമ്മുടെ കുട്ടികൾക്ക് കഴിയണം. അത് സാധിക്കണമെങ്കിൽ അവരിൽ ശാസ്ത്രാഭിമുഖ്യവും ശാസ്ത്രബോധവും അടിയുറക്കേണ്ടതുണ്ട്. അങ്ങിനെ ശാസ്ത്രാവബോധമുള്ള ഒരു ജനതയ്ക്കേ സമൂഹത്തെ മികച്ച രീതിയിൽ മുന്നോട്ട് നയിക്കാൻ സാധിക്കുകയുള്ളൂ. മികച്ച ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ നമ്മുടെ വിദ്യാലയം മുന്നോട്ട് വെക്കുന്ന ചില പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

(1) ഒന്നുമുതൽ ഏഴുവരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിന്റെ ഭാഗമായി സ്വയം പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും അവസരമൊരുക്കുക.

(2) ശാസ്ത്രപഠനത്തിന് ഐ.സി.ടി. സാധ്യതകളുടെ പരമാവധി പ്രയോഗം എല്ലാ ക്ലാസ്സ് മുറികളിൽ ഉറപ്പുവരുത്തണം. സ്മാർട്ട് ടി.വി., ലാപ്ടോപ്പ്, നെറ്റ് കണക്ഷൻ അടക്കമുള്ള സൗകര്യങ്ങൾ എല്ലാ ക്ലാസ്സുകളിലും ഏറ്റവും വൃത്തിയും അടച്ചുറപ്പുള്ളതും മികച്ച

ഫർണീച്ചറുകളും അടങ്ങുന്ന ക്ലാസ്സ്മുറികൾ ആകണം.

(3) പഠനപ്രവർത്തനങ്ങളുടെ ഭാഗമായി മികച്ച പരിസ്ഥിതി പ്രവർത്തകരായി കുട്ടികളെ മാറ്റി എടുക്കണം. ജൈവ വൈവിധ്യ പാർക്ക് പച്ചക്കറികൃഷി, വാഴകൃഷി, ഔഷധോദ്യാനം എന്നീ പ്രവർത്തനങ്ങളിൽഎല്ലാ കുട്ടികൾക്കും പങ്കാളിത്തം നൽകണം.

(4) ശാസ്ത്ര പഠനത്തോടൊപ്പം കുട്ടികളിലെ ജലസാക്ഷരത ഉറപ്പുവരുത്തണം. ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് മികച്ച ധാരണയുള്ളവരാക്കണം.

(5) ശാസ്ത്ര തത്വങ്ങൾ അടുത്തറിയാനും പ്രയോഗിക്കാനും സ്വതന്ത്രമായി ആവിഷ്ക്കരിക്കാനും കഴിയുന്ന ശാസ്ത്രശില്പശാലകൾ ഒരു ടേമിൽ ഒന്ന് എന്ന വിധത്തിൽ നടത്തണം,

(6) സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ രണ്ടാഴ്ചയിൽ ഒരിക്കൽ ശാസ്ത്ര ജാലകം എന്ന പേരിൽ പരീക്ഷണ പ്രദർശനവും ഏറ്റവും പുതിയ ശാസ്ത്രഅറിവുകൾ പങ്കുവെയ്ക്കലും.

(7) ഓരോ കുട്ടിയ്ക്കും ശാസ്ത്രകിറ്റ് വിവിധ പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടാൻ പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളും തിരഞ്ഞെടുത്ത പാഴ്വസ്തുക്കളും അടങ്ങുന്നത് ഒരുക്കൽ.

(8) ക്ലാസ്സ് ലബോറട്ടറി ഓരോ ക്ലാസ്സിലെയും ശാസ്ത്രത്തിലെ ശേഷി മേഖലകൾ കൈവരിക്കുന്നതിനാവശ്യമായ ലഘു ഉപകരണങ്ങളും വസ്തുക്കളും കുട്ടികൾ നിർമ്മിച്ച ഉല്പന്നങ്ങളും.

(9) വിദ്യാലയത്തിന്റെ കോമ്പൗണ്ടിലുള്ള വൃക്ഷങ്ങളുടെയും മറ്റ് സസ്യങ്ങളുടെയും ശാസ്ത്രീയനാമം രേഖപ്പെടുത്തൽ.

(10) ഊർജ്ജമൃഗസംരക്ഷണ മാതൃകകൾ വിദ്യാലയത്തിലൊരുക്കുക. അതിന്റെ അനുഭവത്തിൽ കുട്ടികളിൽ ഊർജ്ജസംരക്ഷണബോധം വളർത്തി എടുക്കണം.

(11) സ്ക്കൂൾ ലാബ് ആധുനികവത്ക്കരണം-എല്ലാ മികച്ച സൗകര്യങ്ങളുമുള്ള സ്ക്കൂൾ ലാബ് ഒരുക്കുക. അതോടൊപ്പം വിദ്യാലയത്തെ ശാസ്ത്രപാഠപുസ്തകമാക്കി മാറ്റണം.

ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിൽ കാര്യകാരണസഹിതമുള്ള വിലയിരുത്തലിനും ശാസ്ത്രാഭിരുചി വളർത്താനും നിലനിർത്താനും സഹായകമാവും എന്ന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

## 5. സാമൂഹ്യശാസ്ത്ര പഠനപരിപോഷണ പരിപാടി

ഓരോ കുട്ടിയും കേവലം അറിവുനേടുക എന്നതിനപ്പുറം എന്റെ സമൂഹത്തിന്റെ ഇന്നലകളെക്കുറിച്ചും അറിവ് നേടേണ്ടതുണ്ട്. സമൂഹത്തിലെ ഓരോ ഘടകത്തിന്റെയും പ്രവർത്തനവും മുന്നോട്ടുപോകും എങ്ങിനെയാണെന്നും തിരിച്ചറിയേണ്ടതുണ്ട്. നാം ജീവിക്കുന്ന ഭൂമിയെക്കുറിച്ചും-കാലാവസ്ഥാവ്യതിയാനം, ഭരണസംവിധാനങ്ങൾ, കൃഷിസമ്പത്ത്, കാലാവസ്ഥാ മേഖലകൾ, ചരിത്രം തുടങ്ങി നാം ജീവിക്കുന്ന ഭൂമിയെക്കുറിച്ചും സമൂഹത്തക്കുറിച്ചും അതിലെ നിരന്തര പ്രക്രിയകളെകുറിച്ചും ക്രിയാത്മകമായി മനഃസ്സിലാക്കുന്നതിനും നിലപാടു സ്വീകരിക്കുന്നതിനും കഴിയുംവിധം ഓരോ കുട്ടിയിലും സാമൂഹ്യബോധം വളർന്നുവരേണ്ടതുണ്ട്. ഓരോ കുട്ടിയും സമൂഹത്തിലെ മികച്ച ഉൽപ്പന്നമാക്കി മാറ്റുക എന്നത് സമൂഹ്യശാസ്ത്ര പരിപോഷണ പരിപാടി മുന്നോട്ടുവയ്ക്കുന്ന പ്രധാന കാഴ്ചപ്പാട്.

### പ്രവർത്തനങ്ങൾ

(1) ചരിത്രശേഷിപ്പുകൾ അന്വേഷണം ശേഖരണം പ്രദർശിപ്പിക്കൽ വിലയിരുത്തൽ

(2) തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്തുന്ന സ്ക്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്-മോക്ക് പാർലമെന്റ്

(3) ലോകത്തെ വിവിധ രാജ്യങ്ങളുടെ ഭരണസംവിധാനം - മറ്റു പ്രത്യേകതകൾ എന്നിവ തിരിച്ചറിയൽ

(4) സ്വാതന്ത്ര്യസമര പ്രസ്ഥാനം-നേതാക്കൾ ചരിത്രം എന്നിവയെക്കുറിച്ച് അറിവുനേടുന്നതിന് ഐ.സി.ടി. സാധ്യതകളുടെ പരമാവധി പ്രയോഗം.

(5) സ്റ്റാമ്പ് ശേഖരണം, നാണയശേഖരണം എന്നിവയ്ക്ക് പ്രചോദനം നൽകുന്ന പദ്ധതികൾ.

(6) ചരിത്രപ്രാധാന്യമുള്ള സമീപപ്രദേശങ്ങൾ കണ്ടെത്തലും ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കലും. അതാതു സ്ഥലങ്ങളിൽ പ്രാദേശിക വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ക്ലാസ്സ്.

(7) സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള ദിനാചരണങ്ങൾ കാര്യക്ഷമമായി നടത്തുക. പ്രകൃതി വിഭവസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## 6. സൗഗന്ധികം-സാഹിത്യശില്പശാലകൾ

ഭാഷാപഠനം ലക്ഷ്യം വയ്ക്കുന്ന പ്രധാന മേഖലകളിലൊന്നാണ് വിവിധ സാഹിത്യ

രൂപങ്ങളിലെ പ്രതിഭകളെ വാർത്തെടുക്കുക എന്നത്. ഒന്നുമുതൽ 7 വരെ ക്ലാസ്സുകളിലെ മലയാള പാഠപുസ്തകം കുട്ടിക്കഥകളിലും കവിതകളിലും തുടങ്ങി കഥ, കവിത, നാടകം, നോവൽ, ലേഖനം, തിരക്കഥ, പ്രസംഗം, അഭിമുഖം, നിരൂപണം തുടങ്ങിയ വിപുലമായ സാഹിത്യ മേഖലകൾ പരിചയപ്പെടുത്തുന്നുണ്ട്. ഇവയിലോരോന്നിലും കുട്ടികൾക്കുള്ള തുടർച്ചയും സാധ്യതയും തിരിച്ചറിഞ്ഞ് പരമാവധി പ്രോത്സാഹിപ്പിക്കുകയാണ് ഈ ശില്പശാലകളുടെ ലക്ഷ്യം.

1. <u>പ്രവർത്തനങ്ങൾ</u>

കാവ്യാസ്വാദനം - രചന ശില്പശാല രണ്ട് ദിവസം പ്രാദേശികരായ കവികളുടെയും മലയാളം അധ്യാപകരുടെയും നേതൃത്വത്തിൽ കാവ്യാസ്വാദനത്തിലും രചനയിലും താത്പര്യമുളവാക്കാനാവുംവിധമുള്ള ക്ലാസ്സുകൾ. കവിത ഈണത്തിൽ ചൊല്ലലും-വിശകലനവും വിലയിരുത്തലും-അർത്ഥഭംഗി-പ്രയോഗഭംഗി മറ്റ് പ്രത്യേകതകൾ എല്ലാം ചർച്ച ചെയ്യപ്പെടണം. കുട്ടികൾക്ക് സ്വതന്ത്രരചനക്കും അവതരണത്തിനുമുള്ള അവസരം-ആശയങ്ങളുട എഡിറ്റിംഗ്-കുട്ടികൾ മെച്ചപ്പെടുത്തലുകൾ-കുട്ടികളുടെ കാവ്യസമാഹാരം.

2. കഥാസൗഗന്ധികം-കഥാ ആസ്വാദനത്തിനും രചനയ്ക്കുമായ പ്രത്യേക ക്യാമ്പ് (കാവ്യ ശില്പശാലയുടെ മാതൃകയിൽ)

3. നാട്യസൗഗന്ധികം

നാടകാഭിനയം, നാടക രചന എന്നിവയ്ക്ക് ഊന്നൽ നൽകുന്ന 2 ദിവസത്തെ ക്യാമ്പ് - പ്രാദേശിക നാടക പ്രവർത്തകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ സ്വതന്ത്രരചനയ്ക്കും അഭിനയത്തിനും അവസരം.

ഓരോ മാസവും ഒരു വിഭാഗത്തിന്റെ ക്യാമ്പ് നടത്തണം. ഈ പ്രവർത്തനങ്ങൾ തുടരുന്നത് സർഗ്ഗാത്മക സാഹിത്യത്തിന്റെ ലോകത്തേക്ക് കടന്നുവരാൻ കുട്ടികൾക്ക് വലിയ പ്രേരണയും സാധ്യതയും നൽണം.

## 7. പ്രവൃത്തി പരിചയ പഠനം

പാഠ്യവിഷയങ്ങൾക്കപ്പുറം ഓരോകുട്ടിയിലുമുള്ള വ്യത്യസ്തമായ കഴിവുകള കണ്ടെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രവൃത്തി പരിചയ ക്ലാസ്സുകളും

ശില്പശാലകളും ഏറെ പ്രാധാന്യത്തോടെ നടപ്പിലാക്കണമെന്ന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രവൃത്തി പരിചയ ക്ലാസ്സുകളിലും ശില്പശാലയിലും മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാൻ അവസരം ലഭിക്കും. പ്രവൃത്തിപരിചയശില്പശാലയുടെ ഭാഗമായി പരിശീലനം നൽകാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

1. ഓറിഗാമി (പേപ്പർ ക്രാഫ്റ്റ്)
2. സോപ്പുനിർമ്മാണം / യു.പി. വിഭാഗം കുട്ടികൾ -രക്ഷിതാക്കൾ ചന്ദനത്തിരി നിർമ്മാണം
3. ചിത്രതുന്നൽ
4. വെജിറ്റബിൾ പ്രിന്റിംഗ്
5. ഫാബ്രിക് പെയ്ന്റിംഗ്
6. കുടനിർമ്മാണം
7. നോട്ട്ബുക്ക് നിർമ്മാണം
8. ഫയൽ നിർമ്മാണം
9. തുണി സഞ്ചി നിർമ്മാണം
10. പാവ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം

ഇത്തരം ഉല്പനങ്ങൾ വിദ്യാലയത്തിനും സമൂഹത്തിനും പ്രയോജനം ചെയ്യുന്ന വിധത്തിലായിരിക്കണം. ഇത് വിദ്യാലയത്തിന്റെ സാമൂഹ്യ ഇടപെടലിന് സാധ്യത നൽകുന്നതാകണം.

## 8. വിദ്യാലയത്തിലൊരു നാട്ടുവാഴത്തോപ്പ്

വിദ്യാലയത്തിന് സമീപത്തെ ഉപയോഗിക്കാതെ കിടക്കുന്ന് സ്ഥലം ഉൽപ്പാദനക്ഷമമാകുന്നതിനൊടൊപ്പം കുട്ടികൾക്ക് നാട്ടുവാഴ ഇനങ്ങളും കൃഷിരീതിയും പരിചയപ്പെടുത്തുന്നതിനും വിഭാവനം ചെയ്യുന്ന പദ്ധതിയാണ് വിദ്യാലയത്തിലൊരു നാട്ടുവഴത്തോപ്പ്.

**പ്രവർത്തനങ്ങൾ**

(1) ഒരു കാലത്ത് നാട്ടിൻ പുറങ്ങളിൽ സുലഭമയാരുന്നതും ഇന്ന് ദുർലഭമായിക്കൊണ്ടിരിക്കുന്നതുമായ വാഴ ഇനങ്ങളെ സംരക്ഷിക്കുക.

(2) വിവിധ വാഴ ഇനങ്ങളുടെ പ്രത്യേകതകൾ കുട്ടി കുട്ടികൾക്ക് പരിചയപ്പെടുത്തുക.

(3) ജൈവകൃഷിരീതി വാഴപരിപാലനം എന്നിവയിൽ പങ്കാളിത്തം നൽകുക.

(4) ഉച്ചഭക്ഷണത്തോടൊപ്പം വാഴപ്പഴം നൽകുക.

(5) ജൈവകൃഷിയിലൂടെ നിർമ്മിച്ച വാഴക്കുലകൾ ആവശ്യക്കാർക്ക് ലഭ്യമാക്കുക.

(6) പാഴ്നിലം ഉൽപ്പന്നക്ഷമമാക്കുക.

## 9. ജൈവ വൈവിധ്യ ഉദ്യാനം

പഠനപ്രവർത്തനങ്ങൾ ജീവസ്സുറ്റ ഒരു പ്രക്രിയയായി മാറുന്നതിന്റെ ഭാഗമായി പ്രകൃതിയോടിണങ്ങിചേർന്നു പഠിക്കുന്നതിനാണ് വിദ്യാലയത്തിലൊരു ജൈവവൈവിധ്യ ഉദ്യാനം. പഠനപ്രക്രിയ ക്ലാസ്സ് മുറിയ്ക്ക് പുറത്ത് സർഗ്ഗാത്മകവും ക്രിയാത്മകവുമാകണം. വിദ്യാലയം ഒരു പാഠപുസ്തകമാകണം. പ്രകൃതി ഒരു വലിയ പാഠപുസ്തകമാമെന്ന തിരിച്ചറിവും എല്ലാ കുട്ടികൾക്കും ഉണ്ടാവേണ്ടതുണ്ട്. സ്വയം നിരീക്ഷിച്ചും വിലയിരുത്തിയും അറിവുനേടാനുള്ള എല്ലാ സാഹചര്യങ്ങളും കുട്ടികൾക്ക് ലഭിക്കണം. മികച്ച പാരിസ്ഥിതിക അവബോധം കുട്ടികളിൽ ഉണ്ടാകുന്നതിന് ജൈവവൈവിധ്യ ഉദ്യാനം നിർബന്ധമാണ്.

### പ്രവർത്തനങ്ങൾ

(1) നിലവിൽ വിദ്യാലയത്തിലുള്ള എല്ലാ മരങ്ങളെയും ചെടികളെയും സംരക്ഷിക്കുക.

(2) വൈവിധ്യമുള്ള വൃക്ഷങ്ങൾ സംരക്ഷണ വേലികെട്ടി നട്ടുവളർത്തുക.

(3) പക്ഷികളെ ആകർഷിക്കുന്ന ഫലവൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകുക.

(4) ജലസംരക്ഷണമാതൃകകൾ സൃഷ്ടിക്കുക.

(5) ശലഭോദ്യാനം ഒരുക്കുന്നതിന് ശലഭങ്ങളെ ആകർഷിക്കുന്ന പൂച്ചെടികൾ കണ്ടെത്തി നട്ടുവളർത്തുക.

(6) വിദ്യാലയത്തിൽ ലഭ്യമായ പാഴ്നിലത്ത് പരമാവധി ഇനം നാട്ടുമാവുകളും പ്ലാവുകളും പുളിമരവും നട്ടുവളർത്തുക.

മികച്ചൊരു ജൈവവൈവിധ്യ ഉദ്യാനം രൂപപ്പെടുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഒപ്പം പ്രവർത്തനത്തിന്റെ നൈരന്തര്യവും ഉണ്ടാകണം.

## 10. ഒന്നാം ക്ലാസ്സ് ഒന്നാന്തരം

സ്കൂളിലേക്ക് പുതിയതായി പ്രവേശനം നേടുന്ന കുട്ടിക്ക് വിസ്മയങ്ങളുടെ കലവറയാകണം ഒന്നാം ക്ലാസ്സ്. കുട്ടിക്ക് കണ്ടും കേട്ടും, കളിച്ചും ഒട്ടും ഔപചാരികതകൾ ഇല്ലാതെ വളരാനുള്ള ഒരിടമാവണം ഒന്നാം ക്ലാസ്സ്. തന്റെ കുട്ടിയുടെ ക്ലാസ്സ്മുറിയെകുറിച്ച് ഓരോ രക്ഷിതാവിനും നല്ല മതിപ്പുണ്ടാവണം.

### പ്രവർത്തനങ്ങൾ/ഉപലക്ഷ്യങ്ങൾ

(1) ക്ലാസ്സ് മുറിയുടെ അന്തരീക്ഷം വൃത്തിയുള്ളതും ശിശു സൗഹൃദവും ആകണം.

(2) ക്ലാസ്സ്മുറിയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെലിവിഷനും വേണം.

(3) വിസ്മയച്ചുമർ ഒരുക്കണം.

(4) ക്ലാസ്സ് ലൈബ്രറി ഒരുക്കണം

(5) എല്ലാ കുട്ടികൾക്കും ബാഗ്, കുട, ചെരുപ്പ് സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം വേണം.

(6) White Board ഒരുക്കണം.

(7) കുട്ടികൾക്ക് സ്വതന്ത്രമായി വരക്കാനും എഴുതാനും ആകുംവിധം ഉയരം കുറഞ്ഞ വിധത്തിൽ ചുമർ ബോർഡ്.

(8) ചുമരിൽ അക്കങ്ങൾ, അക്ഷരങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ, ചെടികൾ എന്നിവയുടെ ചിത്രങ്ങൾ.

(9) ഓരോ പാഠഭാഗവും പൂർണ്ണമായി ലക്ഷ്യം കൈവരിക്കുന്നതിന് മുൻകൂട്ടി തയ്യാറാക്കിയവർക്ക് ഷീറ്റുകൾ. വായന, എഴുത്ത് എന്നിവയ്ക്ക് പുറമെ കുട്ടിയുടെ ചിന്തയെ ഉണർത്തുന്ന പ്രവർത്തനങ്ങൾ

(10) അക്ഷരങ്ങളുടേയും അക്കങ്ങളുടെയും വലിയ രൂപങ്ങൾ ക്ലാസ്സ് മുറിയിൽ ലഭ്യമാവണം.

(11) രക്ഷിതാക്കൾക്ക് ക്ലാസ്സിൽ വരാനും ഇരിക്കാനുമുള്ള സൗകര്യം

(12) രക്ഷിതാക്കളെ കൂടി ഉപയോഗപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങൾ.

ഇത്തരം പ്രവർത്തനങ്ങളിലൂടെ ഒന്നാം ക്ലാസ്സ് രണ്ട് വർഷത്തിനകം അക്കാദമിക മികവിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്തെത്തും എന്ന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

## 11. പ്രതിവാര ക്വിസ്സ്

3 മുതൽ 7 വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെയും പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്നതിനാണ് പ്രതിവാരക്വിസ്സ് വിഭാവനം ചെയ്യുന്നത്. എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേകം ചുമതലപ്പെടുത്തിയ ടീമിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സ്വയം നിയന്ത്രിത പ്രവർത്തനമായി ഈ പരിപാടി നടത്തണം.

### പ്രവർത്തനങ്ങൾ-ഉപലക്ഷ്യങ്ങൾ

(1) പത്രങ്ങൾ, മാസികകൾ മറ്റുപ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തി വിവരശേഖരണം നടത്തുകയും അത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുക. ഒഴിവുസമയങ്ങളിൽ ഇത് വായനയ്ക്കുതകും.

(2) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യാവലി തയ്യാറാക്കുക. ശരി ഉത്തരങ്ങൾ രേഖപ്പെടുത്തുക, ആവശ്യമുള്ള വിവരങ്ങളും ഉൾപ്പെടുത്തുക.

(3) ക്ലാസ്സ് തല ക്വിസ്സ് മത്സരത്തിൽ വിജയികൾക്ക് സമ്മാനം. എല്ലാവരും ഉത്തരങ്ങൾ രേഖപ്പെടുത്തുന്നു.

(4) ക്വിസ്സ് മത്സരത്തെക്കുറിച്ചുള്ള പൊതു ചർച്ചയും പൊതു വിജ്ഞാനസദസ്സും വീഡിയോ പ്രദർശനം മുതലായവ

ദിവസവും എന്തെങ്കിലും നൂതനവും വൈവിധ്യമുള്ളതുമായ അറിവ് കുട്ടികൾക്ക് പകർന്നുനൽകപ്പെടുന്നതിന് സാധിക്കുംവിധം വിദ്യാലയ അന്തരീക്ഷം തന്നെ പൊതുവിജ്ഞാന ബന്ധിതമാവണം. ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നത് നമ്മുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികളുടേയും പൊതുവിജ്ഞാന നിലവാരം വർദ്ധിപ്പിക്കുന്നതിനും അതുവഴി ആത്മവിശ്വാസം കൂട്ടുന്നതിനും വഴി തെളിയിക്കും.

## 12. സർഗ്ഗവേള ശാക്തീകരണം

ക്ലാസ്സ് മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കരരൂപങ്ങളുടെ അവതരണ വേദിയായി സർഗ്ഗവേളകൾ മാറണം.

### പ്രവർത്തനങ്ങൾ/ഉപലക്ഷ്യം

(1) സർഗ്ഗവേള അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ

(2) സർഗ്ഗവേളയുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും കുട്ടികളെ ഏൽപ്പിക്കുക.

സംഘാടനത്തിലും നേതൃത്വഗുണത്തിലും മികച്ച നിലവാരത്തിലെത്തിക്കുക.

(3) രചനകളുടെ അവതരണവും-മികവുകളും പോരായ്മകളും വിലയിരുത്തി ചർച്ചകൾ

(4) ചർച്ചകളുടെ അടിസ്ഥാനത്തിൽ രചയിതാവിന് ആവശ്യമായ തിരുത്തുകൾക്ക് അവസരം നൽകൽ

(5) സ്കിറ്റുകൾ, നാടകങ്ങൾ, ഒരു രചനയെ മറ്റു രൂപങ്ങളിലേക്ക് മാറ്റൽ സാഹിത്യകാരൻമാരുടെ അനുസ്മരണം.

(6) മഹാകവികളുടെ പ്രശസ്ത രചനകളെ പരിചയപ്പെടുത്തൽ

(7) വിശ്വപ്രസിദ്ധ ക്ലാസ്സിക് കൃതികൾ പരിചയപ്പെടൽ. മലയാള വിവർത്തനങ്ങൾ ചുരുക്കി അവതരിപ്പിക്കൽ. ഇത്തരം രചനകളിലെ പ്രശസ്ത വാക്യങ്ങൾ രേഖപ്പെടുത്തൽ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളിലെയും സർഗ്ഗാത്മകത ഉണർത്തുന്നതിനും സംഘാടനം-നേതൃത്വം എന്നീ ഗുണങ്ങളിൽ മികവ് സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

## 13. പത്രമാസികാ കോർണർ

വിദ്യാലയത്തിൽ വരുത്തുന്ന വിവിധ പത്രങ്ങളും മാസികകളും ആകർഷകമായി പ്രദർശിപ്പിക്കുകയും വിവിധ ഗ്രൂപ്പുകളായി വായനയ്ക്കും ചർച്ചയ്ക്കും അവസരം നൽകുകയും പൊതുവിജ്ഞാനം - സാമൂഹ്യപ്രശ്നങ്ങളിൽ സ്വന്തം നിലപാടുരൂപപ്പെടുത്തൽ, സമൂഹത്തിലെ സംഭവങ്ങളും ഗതിവിഗതികളും തിരിച്ചറിയൽ എന്നിവയ്ക്ക് സഹായകമാവുക

## പ്രവർത്തനങ്ങൾ/ഉപലക്ഷ്യങ്ങൾ

(1) കുട്ടികളുടെ വായനയ്ക്കുതകുന്ന പരമാവധി പത്രങ്ങളും (മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരളകൗമുദി, ജനയുഗം മുതലായവ വിദ്യാലയത്തിലെത്തിക്കണം.

(2) വിവിധ മാസികകൾ (വിദ്യാരംഗം, യുറീക്ക, ഡൈജസ്റ്റ്, ഗ്രന്ഥാലോകം, ബാലരമ, ബാലഭൂമി, തളിര്, മുത്തശ്ശി തുടങ്ങിയ മാസികകൾ വിദ്യാലയത്തിൽ എത്തിക്കുക.

(3) മൂന്ന് ദിവസത്തെ വീതം പത്രങ്ങളും മൂന്ന് മാസത്തെ മാസികകളും പ്രദർശിപ്പിക്കാനുള്ള സംവിധാനമൊരുക്കുക.

(4) കുട്ടികൾക്ക് ചെറുസംഘങ്ങളായി ഇരുന്ന് സ്വതന്ത്രവായനയ്ക്ക് സൗകര്യം ഉണ്ടാവണം.

(5) വാർത്തകളും പുതിയഅറിവുകളും മറ്റുള്ളവർക്കായി പങ്കുവെയക്കണം.

(6) പത്രത്തിൽ നിന്നും മാസികകളിൽ നിന്നും ലഭിക്കുന്ന പൊതുവിജ്ഞാനം രേഖപ്പെടുത്തി സൂക്ഷിക്കണം. ഇതിൽ വിദ്യാഭ്യാസപ്പതിപ്പുകൾക്ക് പ്രാധാന്യം നൽകമം.

(7) പത്രങ്ങളിലെ വിദ്യാഭ്യാസ പതിപ്പുകൾ പ്രത്യേകം സൂക്ഷിക്കുന്നതിന് സൗകര്യമുണ്ടാവണം.

(8) ഈ പ്രവർത്തനത്തിൽ വായനയിലെ പിന്നാക്കക്കാരെയും ഉൾപ്പെടുത്തണം.

പത്രമാസികാ വായനാകൂട്ടങ്ങൾ വായനയുടെയും വിവരശേഖരണത്തിന്റെയും മികച്ച മാതൃകകളാവണം. വാർത്തകളിലെയും വിവരങ്ങളിലെയും നെല്ലും പതിരും തിരിച്ചറിയാൻ കുട്ടികൾക്കാവണം.

●●●●●●

**അധ്യായം 4**

## പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രാഥമിക എസ്.ആർ.ജി. യോഗം 2023 മെയ് 30ന് നടത്തി. ഓരോ വിഷയത്തിലും കുട്ടികളുടെ നിലവാരം മികച്ചതാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളും പദ്ധതികളും കണ്ടെത്താനും പട്ടികപ്പെടുത്താനും ധാരണയായി. എല്ലാ അധ്യാപകരും പങ്കെടുത്തുന്നു. പാഠ്യവിഷയങ്ങൾക്കുപുറമെ കുട്ടികളുടെ സമഗ്രവളർച്ചക്കാവശ്യമായ പ്രവർത്തനങ്ങളും രൂപപ്പെടുത്താൻ തീരുമാനിച്ചു. എസ്.ആർജി. കൺവീനർ, വിദ്യാരംഗം കൺവീനർ, ശാസ്ത്ര ക്ലബ്ബ് കൺവീനർ, ഗണിതക്ലബ്ബ് കൺവീനർ, സാമൂഹ്യശാസ്ത്രം കൺവീനർ എന്നിവർക്ക് ഈ പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല നൽകി.

2023 ജൂൺ 5ന് പി.ടി.എ./എം.ടി.എ. കമ്മറ്റികളുടെ സംയുക്തയോഗം അക്കാദമിക്ക് മാസ്റ്റർ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തി. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പി.ടി.എ. കമ്മറ്റി അംഗങ്ങളുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തി. തുടർന്ന് കരടുപദ്ധതി രൂപീകരിച്ച് പി.ടി.എ. ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിച്ചു. രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി.

ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ മലയാളംപോലെതന്നെ ആത്മവിശ്വാസത്തോടെ ഉപയോഗിക്കാനുല്ള അവസരം മാസ്റ്റർ പ്ലാൻ ഉറപ്പുവരുത്തണം എന്ന് അഭിപ്രായമുണ്ടായി.

എസ്.എസ്.ജി. അംഗങ്ങൾ, വായനശാലാ പ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. കരട് പദ്ധതി അംഗീകരിച്ചു.

2023 ജൂൺ മാസം മാസ്റ്റർ പ്ലാൻ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാവുന്ന വിധത്തിൽ പൂർണ്ണമായി തയ്യാറാക്കാൻ തീരുമാനിച്ചു.

●●●●●●

അദ്ധ്യായം 5

## നിലവിലെഅവസ്ഥാവിശകലനം

വിദ്യാലയ¯ിൽ ആകെ 112 കുട്ടികൾ ആണ് 1 മുതൽ 7 വരെ ക്ലാസ്സിലുള്ളത്. ആകെ 86 ആൺകുട്ടികളും 41 പെൺകുട്ടികളുമുണ്ട്. ഓരോ ക്ലാസ്സിലേയും ആൺ, പെൺ തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| ക്ലാസ്സ് | B | G | T |
|---|---|---|---|
| I | 5 | 3 | 8 |
| II | 8 | 4 | 12 |
| III | 12 | 3 | 15 |
| IV | 9 | 1 | 10 |
| V | 7 | 7 | 14 |
| VI | 18 | 7 | 25 |
| VII | 20 | 8 | 28 |
| **Total** | **79** | **33** | **112** |

**SC/ST വിഭാഗങ്ങൾ**

| ക്ലാസ്സ് | B | G | T |
|---|---|---|---|
| I | 3 | 0 | 3 |
| II | 2 | 0 | 2 |
| III | 4 | 0 | 4 |
| IV | 1 | 0 | 1 |
| V | 7 | 3 | 10 |
| VI | 3 | 0 | 3 |
| VII | 5 | 3 | 8 |
| Total | 25 | 6 | 31 |

## അധ്യാപകരുടെ വിശദാംശങ്ങൾ

| Name of Teacher | Designation | Qualification | No.of year of service |
|---|---|---|---|
| 1. Shaji K. | Head Master | MA (Mal.), MA(Eng.) BEd Msc Applied pscychology | 30 |
| 2. K.Jyothi | U.P.S.A. | BA, BEd | 24 |
| 3. Rema D. | L.P.S.A | SSLC, TTC | 27 |
| 4. O.P Vasudevan | U.P.S.A. | BA, BEd | 26 |
| 5. K. Rajani | U.P.S.A. | BA, BEd | 25 |
| 6. Baburaj K.P. | L.P.S.A. | PDC, TTC | 25 |
| 7. K.K. Geetha Bai | L.P.S.A. | MA(Eng.) BEd, TTC | 23 |
| 8. K. Hyder Ali | Arabic Tr. | BA, BEd Afsal Ulama | 22 |

## വിദ്യാലയത്തിൽ നിലവിലെ പഠന വിഭവങ്ങൾ

**1. ലൈബ്രറി**

വിവിധ ക്ലാസ്സുകളിൽ ലൈബ്രറി ഉപയോഗിക്കാവുന്ന വിഭിന്ന നിലവാരവും വിഷയ വൈവിധ്യവുമുള്ള 2500ഓളം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലുണ്ട്. നിലവിൽ സ്റ്റാഫ് റൂമിലെ 4 അലമാരകളിലാണ് ഈ പുസ്തകങ്ങൾ സൂക്ഷിക്കുന്നത്. ആഴ്ചയിൽ 1 ദിവസം പുസ്തകങ്ങളുടെ വിതരണം-വായനാ കുറിപ്പുകൾ

**2. ലാബ്**

യു.പി. സ്കൂളിലെ ശാസ്ത്ര പരീക്ഷണങ്ങൾക്കാവശ്യമായ മിക്കവാറും പഠനോപകരണങ്ങൾ ലഭ്യമാണ്. പക്ഷെ സ്റ്റാഫ് റൂമിൽ ക്രമീകരിച്ച ഒരു അലമാരയിലാണ് കൂടുതൽ സുരക്ഷിതമായി വെക്കേണ്ട എല്ലാ ലാബ് ഉപകരണങ്ങളും സൂക്ഷിക്കുന്നത്.

**3. സബ്ജക്റ്റ് കൗൺസിലുകൾ**

രണ്ടാഴ്ചയിലൊരിക്കൽ സബ്ജക്റ്റ് കൗൺസിൽ യോഗം ചേരാനും വിഷയസമീപനവും പ്രശ്നങ്ങളും ചർച്ച ചെയ്യാനും തീരുമാനിച്ചു പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ വളരെ കൃത്യമായി നടക്കുന്നുണ്ട് എന്നത് പറയാൻ വയ്യ.

**4. എസ്.ആർജി. യോഗങ്ങൾ**

എസ്.ആർ.ജി. ശക്തമാണ്. എസ്.ആർ.ജി. യോഗങ്ങൾ കൃത്യമായി ചേരുകയും പരസ്പര ധാരണയോടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപകാനും സാധിക്കുന്നു. ഇടവേളയിലെ കൂടിയിരുപ്പുപോലും ഔപാരിക എസ്.ആർ.ജി. യോഗങ്ങളായി മാറാറുണ്ട്.

**5. ക്ലബ്ബുകൾ**

സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, കൃഷി, ഇംഗ്ലീഷ്, പരിസ്ഥിതി തുടങ്ങി 6 ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്.

## 6. BALA

Building As a Learning Aid എന്ന ആശയം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. കൂടുതൽ

ഫലപ്രദമാവേണ്ടതുണ്ട്.

## 7. ഐ.സി.ടി. സാധ്യതകൾ

ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് സ്മാർട്ട് ടി.വി.കമ്പ്യൂട്ടർ, സൗണ്ട് സിസ്റ്റം എൽ.സി.ഡി. പ്രോജക്ട് എന്നിവ അടങ്ങുന്ന ഡിജിറ്റൽ ക്ലാസ്സ് റൂമുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ധാരാളം ഐ.സി.ടി. അധിഷ്ഠിത പഠന സാമഗ്രികൾ ഓരോ വിഷയങ്ങളിലും ഉള്ളത് ഉപയോഗിച്ചുവരുന്നു. അത് കൂടുതൽ സമഗ്രവും ഫലപ്രദവുമാക്കേണ്ടതുണ്ട്.

●●●●●●

## അധ്യായം 6

# പ്രശ്നങ്ങൾ-വെല്ലുവിളികൾ

(1) ഭാഷാ പഠനം0പ്രശ്നങ്ങൾ

നന്നായി എഴുത്തും വായനയും അറിയുന്ന കുട്ടികൾക്കും അധികവായനയ്ക്ക് താത്പര്യമില്ലായ്മ.

(2) വായനാ കുറിപ്പുകൾ തയ്യാറാക്കുന്നതിലെ താത്പര്യക്കുറവ്

(3) ഭാഷയിലെ പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും ഒരേ നിലവാരത്തിൽ ചെയ്യാൻ കവിയുന്നില്ല.

(4) നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള സമയക്കുറവ്

(5) രചനകളും / ആവിഷ്ക്കാരരൂപങ്ങളും അവതരിപ്പിക്കുന്നതിന് മടി.

## ഗണിതപഠനം-പ്രശ്നങ്ങൾ

1. ചതുഷ്ക്രിയകൾ പ്രത്യേകിച്ച് വ്യവകലനം ഹരണം എല്ലാവരിലും എത്തുന്നില്ല.
2. ഗണിതപഠനം-വേഗഗണിതത്തിലും മനഃക്കണക്കിലും കുറച്ചുപേർ മാത്രമേ നിലവാരം പുലർത്തുന്നുള്ളൂ.
3. ഗുണനപട്ടിക സൂത്രവാക്യങ്ങൾ എന്നിവ ആവശ്യത്തിനനുസരിച്ച് പ്രയോഗിക്കാൻ പലർക്കും കഴിയുന്നില്ല.
4. ജാമിതിയിലെ കൃത്യത കൈവരിക്കാനാവുന്നില്ല.
5. പ്രശ്നങ്ങൾ ജീവിതഗന്ധിയാക്കി അവതരിപ്പിച്ചാലും ചിലർക്ക് പ്രയാസം നേരിടുന്നു.

## ഇംഗ്ലീഷ് പഠനം - പ്രശ്നങ്ങൾ

1. ഇംഗ്ലീഷ് ഒഴുക്കോടെ എഴുതാനും വായിക്കാനും ബുദ്ധിമുട്ട്
2. ഇംഗ്ലീഷിൽ സംസാരിക്കാൻ മടി.
3. ഇംഗ്ലീഷ് രചനയിലും, ഭാഷണത്തിലും തെറ്റുമോ എന്ന ഭയം
4. ഇംഗ്ലീഷ് അന്തരീക്ഷത്തിന്റെ കുറവ്
5. ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാനുള്ള അവസരങ്ങളുടെ കുറവ്

6. ഇംഗ്ലീഷ് എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവർ പുറംതള്ളപ്പെടുന്നു.

## സാമൂഹ്യ ശാസ്ത്രം

1. വായനയുടെ കുറവ്
2. ഭൂമിശാസ്ത്രത്തിൽ സ്ഥാന നിർണ്ണയം (അക്ഷാംശ-രേഖാംശങ്ങളുടെ അടിസ്ഥാനത്തിൽ) പ്രയാസം നേരിടുന്നു.
3. ചരിത്രാശയങ്ങളുടെ ധാരണക്കുറവ്.
4. ഭരണ സമ്പ്രദായങ്ങളുടെ ആശയധാരണക്കുറവ്
5. 14 സാധ്യതകളുടെ പ്രയോഗം

## ശാസ്ത്രപഠനം-പ്രശ്നങ്ങൾ

1. എല്ലാ പരീക്ഷണങ്ങളിലും ഒരുപോലെ താത്പര്യമില്ലായ്മ
2. എല്ലാവർക്കും പരീക്ഷണങ്ങൾ ചെയ്തുനോക്കാനുള്ള സൗകര്യത്തിന്റെ അഭാവം.
3. ദത്തങ്ങളുടെ ശേഖരണവും ക്രോഡീകരണവും കാര്യക്ഷമമവുന്നില്ല.
4. പ്രൊജക്റ്റ് പ്രവർത്തനങ്ങളിൽ എല്ലാവരും പങ്കാളികളാകുന്നില്ല.
5. സെമിനാർ അവതരണം ഏറ്റെടുക്കുന്നതിൽ മടി കാണിക്കുന്നു.
6. ഗവേഷണാത്മകപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലെ കുറവ്.

## സർഗ്ഗവേളകൾ

1. ക്ലാസ്സ് മുറികളിൽ രൂപപ്പെടുന്ന ആവിഷ്കാര രൂപങ്ങളുടെ പ്രകടന വേദിയായി സർഗ്ഗവേളകൾ മാറുന്നില്ല.
2. ഭാഷാ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ പൂർണ്ണമായും രൂപപ്പെടുന്നില്ല.

●●●●●●

## അധ്യായം 7

## വിഷയ മേഖല പ്രവർത്തനങ്ങൾ

**ഉപമേഖല : മാതൃഭാഷാശേഷി വികസനം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതൃഭാഷാ ശേഷി വികസനം<br>1. എല്ലാ കുട്ടികൾക്കും മലയാളം നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുന്നതോടൊപ്പം ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങൾ മികച്ച വിധത്തിൽ കൈകാര്യം ചെയ്യാനുള്ള കഴിവും ആത്മവിശ്വാസവും വളർത്തി എടുക്കുക. | 1. ഓരോ കുട്ടിയുടെയും ഭാഷയിലെ കഴിവുകളും പരിമിതികളും കണ്ടെത്തൽ (വായന-എഴുത്തുകൾ വിശകലനം)-പ്രീ ടെസ്റ്റ് | ജൂൺ-ആദ്യ ആഴ്ച | മലയാളം അധ്യാപകർ/ എസ്.ആർ.ജി. | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ | ജൂൺ-2-3 ആഴ്ച | എച്ച്.എം. മലയാളം അധ്യാപകർ | |
| | 3. മലയാളത്തിളക്കം എഴുത്തിലും വായനയിലും ഏറ്റവും പുറകിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിപാടി. | ജൂൺ 4-ാമത്തെ ആഴ്ച മുതൽ 1 മാസം | ക്ലാസ്സ് ടീച്ചർ മലയാളം അധ്യാപകൻ | 1000/- രൂപ പി.ടി.എ. |
| | 4. ക്ലാസ്സ് തല കയ്യെഴുത്ത് മാസികകൾ/ഇൻലന്റ് മാഗസിനുകൾ-ഭാഷാക്ലാസ്സ് | ജൂലായ് സെപ്തംബർ നവംബർ ജനുവരി | മലയാളം അധ്യാപകൻ | 500/- രൂപ പി.ടി.എ. |
| | 5. വിവിധ വ്യവഹാര രൂപങ്ങളെ പരിചയപ്പെടുത്തുന്നതിന് ഐ.സി.ടി. അധിഷ്ഠിത സാമഗ്രികൾ ഒരുക്കൽ ഉപയോഗിക്കൽ. | ജൂൺ മാർച്ച് | മലയാളം അധ്യാപകർ സ്ക്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ | |
| | 6. ക്ലാസ് റൂം രചനകളുടെ പതിപ്പുകൾ | ജൂൺ മുതൽ മാർച്ച് | മലയാളം അധ്യാപകർ എസ്.ആർ.ജി. | 500/- രൂപ പി.ടി.എ. |
| | 7. സെമിനാർ, സംവാദം, ഗ്രൂപ്പ് ചർച്ച-അഭിമുഖം തുടങ്ങിയ സംവാദാത്മക പ്രവർത്തനങ്ങൾ. കവിത, കഥ, അഭിനയം-പ്രഭാഷണം, നർമ്മഭാഷണം എന്നീ അവതരണാത്മക പ്രവർത്തനങ്ങൾ. | ജൂൺ മുതൽ | മലയാളം അധ്യാപകർ | 500/- രൂപ |
| മോണിറ്ററിംഗ്<br>AEO, HM, PTA President Ward Councillar | 8. കവിത, കഥ, നിരൂപണം, ആസ്വാദനം, നാടകം-തിരക്കഥ, നിവേദനം, കത്ത്, പത്രവാർത്ത, എഡിറ്റോറിയൽ തുടങ്ങിയ രചനാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ | | | |

**ഉപമേഖല : ഗണിതശേഷി വികസനം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം ആകർഷകവും രസകരവുമാക്കുന്നതിലൂടെ എല്ലാ കുട്ടികളും അതത് ക്ലാസ്സുകളിൽ നേടേണ്ട ഗണിതാശയങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക. ഗണിതത്തിൽ മികവും പുലർത്തുന്നവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക. ഗണിതപഠനം വൈവിധ്യങ്ങൾ നിറഞ്ഞതാകുക | 1. നാലുവരെ ക്ലാസ്സുകളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള ആകർഷകവും വൈവിധ്യമുള്ളതുമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതിന് ശില്പശാല. | ജൂൺ-ജൂലായ് | എച്ച്.എം. എൽ.പി.എസ്. ആർ.ജി. സി.പി.ടി.എം. അംഗങ്ങൾ | |
| | 2. എല്ലാ കുട്ടികൾക്കും ഗണിതകിറ്റ് | ജൂൺ-ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ ഗണിതാധ്യാപകർ | |
| | 3. ഗണിതശിലപശാല | സെപ്തംബർ | പ്രാദേശിക ഗണിത വിദഗ്ധൻ | |
| | 4. ഗണിതവത്ക്കരണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തൽ പട്ടികപ്പെടുത്തൽ | | എസ്.ആർ.ജി. എസ്.ആർ.ജി. | |
| | 5. വിദ്യാലയ ഗണിത വത്ക്കരണം. | | എസ്.ആർ.ജി. പി.ടി.എ. | |
| | 6. ഗണിതമാഗസിൻ ക്ലാസ്തലം 3 മുതൽ 7 വരെ ക്ലാസ്സുകൾ | നവംബർ ഫെബ്രുവരി | ഗണിത/ക്ലാസ്സ് അധ്യാപകൻ | |
| | 7. ഗണിതപഠനത്തിന് ഓരോ ക്ലാസ്സിലേക്കും ഐ.സി.ടി. സാധ്യതകൾ കണ്ടെത്തലും സമാഹരിക്കലും അധ്യാപകർക്ക് പരിശീലനവും | മെയ് ജൂൺ | ഗണിതാധ്യാപകൻ സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ | |
| മോണിറ്ററിംഗ് AEO, HM PTA President MTA President Councillor | | | | |

**ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെയും ഫലപ്രദമായും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വികസിപ്പിക്കൽ | 1. പ്രീ-ടെസ്റ്റ്-ഓറൽ/ എഴുത്ത് പരീക്ഷ നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ | (2 വർഷം) ജൂൺ ആദ്യവാരം | English teacher SRG | 250/- PTA |
| | 2. സി.പി.ടി.എ. യോഗം പി.ടി.എ. എക്സിക്യൂട്ടീവ് യോഗം | ജൂൺ-രണ്ടാം വാരം | HM | |
| | 3. പരിമിതികൾ പരിഹരിക്കു ന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | ജൂൺ 3-4 ആഴ്ചകൾ | English Teacher SRG Convention | 1000/- PTA |
| | 4. ഇംഗ്ലീഷ് പതിപ്പുകൾ മാഗസിനുകൾ തയ്യാറാക്കൽ | ഡിസംബർ മുതൽ മാർച്ച് | English Teacher | |
| | 5. ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 ദിവസം | English Teacher | |
| | 6. ഇംഗ്ലീഷ് ഡയറി തയ്യാറാക്കൽ | ആഴ്ചയിൽ 2 ദിവസം | English Teacher | |
| | 7. ഇംഗ്ലീഷ് ഫെസ്റ്റ് സംഘാടനവും-അവതരണവും ഉൾപ്പെടെ കുട്ടികൾ | ഒക്ടോബർ 1 മാർച്ചിൽ 1 | English Teacher SRG | PTA 1000/- |
| | 8. ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി-ഇംഗ്ലീഷ് നോട്ടീസ് ബോർഡ് | സെപ്റ്റംബർ 1 നവംബർ 1 | SRG PTA Old Student | 20000/- Sponsership |
| | 9. English literary- work shops-by experts | ജനുവരി 18 | SRG PTA | 4000/- PTA |
| മോണിറ്ററിംഗ് AEO/BPO HM president PTA & MTA Ward Councillar | 10. Reap (Rapid english acquisition programm for speaking and writing) | ആഗസ്റ്റ് മുതൽ ഡിസംബർ | English Teacher | |

**ഉപമേഖല : ശാസ്ത്ര പഠന പരിപോഷണം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധവും, ശാസ്ത്രീയ കാഴ്ചപ്പാടുകളും വളർത്തി എടുക്കുക. പരീക്ഷണം-നിരീക്ഷണം ദത്തശേഖരണം. വിശകലനം, നിഗമനം എന്നീ ശാസ്ത്രപഠന പ്രക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക. തെളിവുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രാശയങ്ങൾ വിശദീകരിക്കാൻ കഴിയുക. കുട്ടികൾ ശാസ്ത്ര പ്രചാരകരാവുക. എല്ലാ കുട്ടികളെയും നല്ല ശാസ്ത്രാവബോധ മുള്ളവരാക്കി വളർത്തി എടുക്കുക. | 1. ഒന്ന് മുതൽ 7 വരെ ക്ലാസ്സുകളിൽ ശാസ്ത്രമൂലകൾ ക്രമീകരിക്കുന്നതിനാവസ്യമായ സാധനങ്ങൾ പട്ടികപ്പെടുത്തുക. (ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടത് എന്ന അടിസ്ഥാനത്തിൽ | May | Science Teacher | |
| | 2. ശാസ്ത്രപഠനത്തിനുള്ള ഐ.സി.ടി. സാധ്യതകൾ കണ്ടെത്തലും ഫലപ്രദമായി ഉപയോഗിക്കലും അധ്യാപകർക്ക് പരിശീലനമുൾപ്പെടെ | June<br>July | Science Teacher ICT-Co-ordinator | |
| | 3. ശാസ്ത്രശില്പശാലകൾ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിന് എൽപി/ യുപി വെറെ വേറെ | September<br>July | Science Teaher SRG | 2500/- PTA |
| | 4. സയൻസ് കിറ്റ് ഓരോ കുട്ടിക്കും കിറ്റിൽആവശ്യമായ വസ്തുക്കൾ കണ്ടെത്തലും പട്ടികപ്പെടുത്തലും അടക്കം. | July | Science Teacher | |
| | 5. ശാസ്ത്രജാലകം പരീക്ഷണപ്രദർശനവും-പുതിയ ശാസ്ത്ര അറിവുകളും പങ്കുവെക്കലും | Aug.<br>Dec.<br>March | Science Teacher SRG | |
| മോണിറ്ററിംഗ്<br>AEO/BPO<br>HM president<br>PTA & MTA<br>Ward Councillar<br>SSG Chairman | 6. ഊർജ്ജ/ജലസംരക്ഷണ മാതൃകകൾ വിദ്യാലയത്തിൽ ഒരുക്കൽ, സോളാർവൈദ്യുതി, ബയോ ഗ്യാസ് | 2023-2028 | വിദ്യാലയ വികസന സമിതി | 40000/- |

**ഉപമേഖല : സാമൂഹ്യ ശാസ്ത്ര പഠന പരിപോഷണ പരിപാടി**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാം ജീവിക്കുന്ന സമൂഹം ഭരണ സംവിധാനങ്ങൾ കാലാവസ്ഥ കൃഷി, ഭൂമിശാസ്ത്രം, ചരിത്രം എന്നീ മേഖലകളിൽ കുട്ടികൾക്കുള്ള ധാരണകളും അനുഭവങ്ങളും കാര്യക്ഷമമാക്കുക. | 1. സക്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്-വിജ്ഞാപനം മുതൽ തൃപ്രതിജ്ഞവരെയുള്ള ഘട്ടങ്ങൾ മോക്ക്-പാർലിയമെന്റ് പ്രദർശനം | July August | സോഷ്യൽ സയൻസ് അധ്യാപകൻ എസ്.ആർ.ജി. കൺവീനർ | |
| | 2. സ്വാതന്ത്ര്യസമരപ്രസ്ഥാനം ചരിത്രം-നേതാക്കൾ, സമരങ്ങൾ എന്നിവ ഐ.സി.ടി. സാധ്യത ഉപയോഗിച്ചുള്ള ക്ലാസ്സ് ദിനാചരണങ്ങൾക്ക് പ്രാധാന്യം. | July to January | സോഷ്യൽ സയൻസ് അധ്യാപകൻ ഐ.സി.ടി. കോഓർഡിനേഷൻ | |
| | 3. ചരിത്രമ്യൂസിയം ആലോചനായോഗം | Febru-ary | | |
| | 4. ചരിത്രമ്യൂസിയത്തിലേക്ക് ആവശ്യമുള്ളവ പട്ടികപ്പെടുത്തൽ-ശേഖരിക്കൽ | | സോഷ്യൽ സയൻസ് ടീച്ചർ എസ്.ആർ.ജി. | |
| | 5. ചരിത്രമ്യൂസിയം സ്ഥലമൊരുക്കൽ ക്രമീകരണം, ഷെൽഫ്-ടേബിൾ വൃത്തിയായി പ്രദർശിപ്പിക്കാനുള്ള ഉപാധികൾ, കുറിപ്പുകൾ തയ്യാറാക്കൽ | January to march | സോഷ്യൽ സയൻസ് ടീച്ചർ എസ്.ആർ.ജി. പി.ടി.എ. | 20000/- PTA Municipality |
| | 6. സ്റ്റാമ്പ് കളക്ഷൻ, നാണയം ശേഖരണം, ചർച്ചകൾ | June | സോഷ്യൽ സയൻസ് ടീച്ചർ | |
| മോണിറ്ററിംഗ് AEO/BPO HM president PTA & MTA Ward Councillar SSG Chairman | 7. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്. | | സോഷ്യൽ സയൻസ് ടീച്ചർ, HM, PTA President, MTA President | 4000/- PTA |

**ഉപമേഖല : സൗഗന്ധികം-സാഹിത്യശില്പശാലകൾ**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/<br>പ്രവർത്തനങ്ങൾ | പ്രവർത്തന<br>കാലം | ചുമതല | സാമ്പത്തിക<br>വിശകലനം |
|---|---|---|---|---|
| ഒന്നുമുതൽ 7 വരെ ക്ലാസ്സുകളിലെ മലയാള പഠനത്തിന്റെ ഭാഗമായി കുട്ടികൾ പരിചയപ്പെടുന്ന കഥ, കവിത, നാടകം, നോവൽ, ലേഖനം, തിരക്കഥ, പ്രസംഗം, നിരൂപണം, അഭിമുഖം തുടങ്ങിയ സാഹിത്യ ശാഖകളിൽ ഓരോന്നിലും കുട്ടികൾക്കുള്ള തുടർച്ചയും സാധ്യതയും തിരിച്ചറിഞ്ഞ് പരമാവധി പ്രോത്സാഹനം നൽകുക. ഓരോ മേഖലയിലും പ്രതിഭകളാക്കി മാറ്റുക. | 1. എസ്.ആർ.ജി. ആലോചനാ യോഗം<br><br>2. പി.ടി.എ. ആലോചനാ യോഗം<br><br>3. കാവ്യസൗഗന്ധികം കാവ്യാസ്വാദനം-രചന ശില്പശാല<br>പി. രാമൻ- പ്രശസ്ത കവി നോതൃത്വം നൽകും. കാവ്യാസ്വാദനത്തിലും രചനയിലും താത്പര്യം ജനിപ്പിക്കുന്നു. കവിത ചൊല്ലൽ വിശകലനം-വിലയിരുത്തൽ, പ്രയോഗഭംഗി, അർത്ഥഭംഗി എല്ലാം ചർച്ച ചെയ്യപ്പെടും. സ്വതന്ത്ര രചന-ആശയങ്ങളുടെ എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ മുതലായവ ശാക്തീകരിക്കുക. | <br><br><br><br>3rd week June-<br>വായനാ വാരത്തിൽ | SRG Ceonvenor<br><br>HM<br><br>SRG കൺവീനർ<br>വിദ്യാരംഗം<br>പി.ടി.എ. | <br><br><br><br>PTA 2500/- |
| | 4. കവി. പി. പി. രാമചന്ദ്രൻ പങ്കെടുക്കുന്ന് മറ്റൊരു ക്യാമ്പ് - മനോഹരൻ മാഷ് | September | SRG Convenorh<br>വിദ്യാരംഗം<br>പി.ടി.എ. | PTA 2500/- |
| | 5. പി.എം. നാരായണൻ മാസ്റ്റർ<br>റംല ഇക്ബാൽ പവിത്രൻ | January | | PTA 2500/- |
| | 6. കഥാസൗഗന്ധികം, കാവ്യശില്പശാലയുടെഅതേ മാതൃകയിൽ കഥാരചനയുടെ രീതിയും-സങ്കേതങ്ങളും പരിചയപ്പെടുത്തുക. കഥാസ്വാദനം-സ്വതന്ത്ര രചന | Nov. | SRG Covenor<br>വിദ്യാരംഗം<br>” | PTA 2500/- |
| മോണിറ്ററിംഗ്<br>AEO/BPO<br>HM president<br>PTA & MTA<br>Ward Councillar<br>SSG Chairman<br>വിദ്യാലയ വികസന സമിതി അംഗങ്ങൾ | 7. നാട്യ സൗഗന്ധികം<br>നാടക ക്യാമ്പ്-2 ദിവസം നാടക രചന-നാടക അഭിനയം-നാടകത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ, പാഠഭാഗത്തെ നാമകം അവതരിപ്പിക്കുക. പൂർവ്വ വിദ്യാർത്ഥികളായ സ്വാതി മോഹൻ, വാസുദേവൻ | February<br>August 18,<br>Febr. 19<br>Sat.Sunday<br><br>November | ”<br><br>November | PTA 2500/- |

**ഉപമേഖല : പ്രവൃത്തി പരിചയ പഠനം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഓരോ കുട്ടിക്കും ഉള്ള കഴിവുകൾ തിരിച്ചറിയുന്നതിനും പരിശീലനം നൽകുന്നതിനും ഇത്തരം ഉത്പന്നങ്ങളെ സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനാവശ്യമാണ് ഈ പദ്ധതി. | 1. എസ്. ആർ.ജി. ആലോചനായോഗം<br>3. പി.ടി.എ. ആലോചനായോഗം<br>4. പ്രവൃത്തിപരിചയ ക്യാമ്പ്-3 ദിവസം-ഓറിഗാമി, സോപ്പുനിർമ്മാണം, ചന്ദനതിരി നിർമ്മാണം, ചിത്രത്തുണൽ, വെജിറ്റബിൾ പ്രിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്, കുട നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, ഫയൽ നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം എന്നിങ്ങനെ 10 വിഭാഗങ്ങൾ. 3 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഗ്രൂപ്പുകളാക്കി വിവിധ മേഖലകളിൽ പരിശീലനം. | Feb. IInd week<br>August | SRG Convener<br>PTA<br>SRG PTA W.E. Teacher<br>SRG-PTA School Parliament | 15000/- PTA Sponsorship Old Stu- dent |
| | 5. ഉൽപ്പന്ന പ്രദർശനം<br>6. പ്രതിവാര പരിശീലനം. | june to March | W.E, Teacher SRG | |
| മോണിറ്ററിംഗ്<br>AEO/BPO<br>HM president<br>PTA & MTA<br>Ward Councillar<br>SSG Chairman<br>വിദ്യാലയ വികസന സമിതി അംഗങ്ങൾ | | | | |

**മേഖല : കൃഷി**
**ഉപമേഖല : വിദ്യാലയത്തിന്റെ നാട്ടുവാഴത്തോപ്പ്**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു കാലത്ത് നാട്ടിൻപുറങ്ങളിൽ സുലഭമായിരുന്നതും ഇന്ന് ദുർലഭമായി കൊണ്ടിരിക്കുന്നതുമായ വാഴ ഇനങ്ങളെ വിദ്യാലയത്തിൽ സംരക്ഷിക്കുക- ജൈവകൃഷി രീതി തിരിച്ചറിയുക, പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിലനിർത്തുക, പാഴ്നിലം ഉൽപ്പന്നക്ഷമമാകുക.<br><br>Monitoring - AEO, HM, PTA President, Ward Counsiller, Agricultural Officer, etc. | 1. പി.ടി.എ. ആലോചനായോഗം<br><br>2. നാട്ടുവാഴ ഇനങ്ങൾ പട്ടികപ്പെടുത്തലും കണ്ടെത്തലും<br><br>3. വാഴത്തൈകൾ ശേഖരിക്കൽ<br><br>4. വാഴത്തൈകൾ നട്ടുപിടിപ്പി ക്കലും പരിപാലനവും | May 2023<br><br>10.2.2023 to 28.2.2023<br><br>March 2023<br><br>2023 June to August 2024 | PTA<br><br>SRG, PTA കാർഷിക ക്ലാസ്സ് സയൻസ് ക്ലാസ്സ്<br><br>PTA, SSG<br><br>PTA, SRG, SSG, UP വിഭാഗം കുട്ടികളുടെ ഗ്രൂപ്പുകൾ | 2000 PTA<br><br>4000/- PTA |

**മേഖല : കൃഷി**
**ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്ത കമാക്കി മാറ്റുകയും ചെയ്യണം. മികച്ച പാരിസ്ഥിതിക അവബോധം കുട്ടികളിൽ സൃഷ്ടിക്കണം. പ്രകൃതിയോടിണങ്ങി ച്ചേർന്നുള്ള പഠനംകൊണ്ട് പ്രകൃതിയെ വലിയ പാഠപുസ്തകമാണെന്ന് തിരിച്ചറിവുണ്ടാകണം. | 1. PTA ആലോചനാ യോഗം | | SRG PTA | |
| | 2. നിലവിൽ വിദ്യാലയത്തിലുള്ള ചെടികളെയും വൃക്ഷങ്ങളെയും അതത് ഇടങ്ങളിൽ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുന്നു. | 10.3.2023<br>2028 | SRG, SSG Agricultural Office | |
| | 3. വൈവിധ്യമുള്ള വൃക്ഷങ്ങൾക്ക് വേലി കെട്ടി സംരക്ഷിക്കൽ | April May | | 4000/- PTA |
| | 4. പക്ഷികളെ ആകർഷി ക്കുന്ന ഫലവൃക്ഷങ്ങൾ കണ്ടെത്തുക, നട്ടുപിടിപ്പിക്കുക | June | PTA SSG Agricultural Office | |
| | 5. ശലഭങ്ങളെ ആകർഷിക്കുന്ന പൂച്ചെടികൾ നട്ടുവളർത്തുക. | July | SRG ,PTA Agricultural Office | |
| | 6. സ്ക്കൂൾ കെട്ടിടങ്ങൾക്ക് ദോഷം വരാത്തവിധം നാട്ടുമാവുകൾ, നാടൻപ്ലാവുകൾ, പുളി എന്നീ മരങ്ങൾ നട്ടുപിടിപ്പിക്കുക. | August to December | | |
| | 7. വൃക്ഷങ്ങൾക്ക് തറ പണിയുക. | Octo. 2023- Nov. 2026 | വിദ്യാലയ വികസന സമിതി പി.ടി.എ. | 60,000/- വിദ്യാലയ വികസന സമിതി |
| | 8. സ്ക്കൂൾ അന്തരീക്ഷം ഹരിതാഭമാക്കുന്നതിനുള്ള ആകർഷകമാക്കാനുള്ള മറ്റ് പ്രവർത്തനങ്ങൾ | 2023 March to 2026 Feb. | വിദ്യാലയ വികസന സമിതി | |
| Monitoring - AEO, HM, PTA President, Ward Counsiller, Agricultural Officer, etc. | 9. ആവാസ വ്യവസ്ഥ, ആഹാര ബന്ധം എന്നിവയുടെ പഠനത്തിന് ജൈവവൈവിധ്യ പാർക്ക് ഉപയോഗപ്പെടുത്തുക. | June to March | Teacher | |

**ഉപമേഖല : ഒന്നാംക്ലാസ്സ് ഒന്നാംതരം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്ക്കൂളിലേക്ക് പ്രവേശനം നേടുന്ന ഓരോ കുട്ടിക്കും വിസ്മയങ്ങളുടെ കലവറയാവണം ഒന്നാം ക്ലാസ്സ്. കുട്ടിക്ക് കണ്ടും, കേട്ടും, കളിച്ചും പഠിക്കാനും വളരാനുമുള്ള ഒരിടമാവണം ഒന്നാം ക്ലാസ്സ്. | 1. പി.ടി.എ., എസ്.ആർ.ജി. സംയുക്ത യോഗം- പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പട്ടികപ്പെടുത്തൽ | June 15 | PTA, SRG | |
| | 2. ക്ലാസ്സ് മുറി വൃത്തിയുള്ളതും ശിശുസൗഹൃദവുമാകുന്നതിന്റെ ഭാഗമായി, ടൈൽസ് വിരിക്കൽ, പെയിന്റിംഗ് | September | വിദ്യാലയ വികസന സമിതി | 25000/- മുനിസിപ്പാലിറ്റി |
| | 3. ക്ലാസ്സ് മുറിയിൽ കമ്പ്യൂട്ടർ ടെലിവിഷൻ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | June to December | വിദ്യാലയ വികസന സമിതി | 45000/- മുനിസിപ്പാലിറ്റി |
| | 4. ചുമരിൽ അക്കങ്ങൾ, അക്ഷരങ്ങൾ, ചെടികൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ ചിത്രങ്ങൾ ക്രമീകരിക്കുക. | June December | വിദ്യാലയ വികസന സമിതി SRG | 25000/- മുനിസിപ്പാലിറ്റി വിദ്യാലയ വികസന സമിതി |
| | 5. ഓരോ പാഠഭാഗവും പൂർണ്ണമായ ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന വർക്ക്ഷീറ്റുകൾ വായന, എഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം ലഭിക്കുന്ന ആകർഷകമായ പ്രവർത്തനങ്ങൾ ഐ.സി.ടി. സാമഗ്രികൾ മുൻകൂട്ടി തയ്യാറാക്കൽ, കുട്ടിയുടെ ചിന്തയെ ഉണർത്തുന്ന മറ്റ് പ്രവർത്തനങ്ങൾ തയ്യാറാക്കൽ. | June to December | ഒന്നാംക്ലാസ്സ് അധ്യാപിക SRG, SRG, PTA Etc. | 15000/- മുനിസിപ്പാലിറ്റി വിദ്യാലയ വികസന സമിതി PTA |
| | 6. എല്ലാ കുട്ടികൾക്കും ചെരിപ്പ്, കുട, ബാഗ് സൂക്ഷിക്കാനുള്ള സൗകര്യം | April May | PTA വിദ്യാലയ വികസന സമിതി | 30000/- മുനിസിപ്പാലിറ്റി വിദ്യാലയ വികസന സമിതി PTA |
| | 7. ക്ലാസ്സ് ലൈബ്രറി | January to May | Class Teacher SRG/PTA | 3000/-PTA |
| Monitoring - AEO, HM, PTA President, Ward Counsiller, Agricultural Officer, etc. | 8. ക്ലാസ്സ് മുറി ആകർഷകമാ.യും അറിവുകളുടെ ശിശുസൗഹൃദ കലവറയാക്കാനും ഉതകുന്ന മറ്റ് പ്രവർത്തനങ്ങൾ. | June to June | Class Teacher PTA/HM SRG | 6000/- മുനിസിപ്പാലിറ്റി വിദ്യാലയ വികസന സമിതി PTA |

**മേഖല : അക്കാദമികം**
**ഉപമേഖല : പൊതുവിജ്ഞാന പരിപോഷണം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നുമുതൽ ഏഴ് വരെ ക്ലാസ്സിലെ കുട്ടികളുടെയും പൊതുവിജ്ഞാനം ഏറ്റവും മികച്ച നിലവാരത്തിലെ ആക്കണം. | 1. ഏസ്.ആർ.ആർ/പി.ടി.എ. ആലോചനാ യോഗം - പ്രവർത്തനപദ്ധതി രൂപീകരണം. | | SRG<br>PTA | ഇല്ല |
| | 2. ചോദ്യസഞ്ചയം തയ്യാറാക്കൽ പത്രങ്ങൾ, മാസികകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തി കുട്ടികൾ നടത്തുന്ന വിവരശേഖരണം. (ആവശ്യമായ നിർദ്ദേശങ്ങൾ മുൻകൂട്ടി നൽകണം) | തുടർ പ്രക്രിയ | SRG<br>Students | ഇല്ല |
| | 3. തിരഞ്ഞെടുത്ത വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കലും തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസ്സ് തല ക്വിസ്സ് മത്സരം - വിവരണം. | June to March | Class/Group card<br>SRG | ഇല്ല |
| | 4. പൊതുവിജ്ഞാനസദസ്സും- വീഡിയോ പ്രദർശനവും | June മുതൽ മാസത്തിൽ 1 | SRG/Selected Students | ഇല്ല |
| Monitoring- AEO, Ward Councillar HM, PTA President SRG Convener etc. | 5. വിദ്യാലയ അന്തരീക്ഷം പൊതുവിജ്ഞാനദായകമാക്കുന്ന പ്രവർത്തനങ്ങൾ. (ചെറിയ കട്ടൗട്ടുകൾ, പ്ലക്കാർഡുകൾ, ഇൻഫർമേഷൻ ബോർഡുകൾ, ജ്ഞാനവൃക്ഷമൊരുക്കൽ മുതലായവ. | June മുതൽ | SRG<br>PTA | 2000/-<br>PTA |

**മേഖല : അക്കാദമികം**
**ഉപമേഖല : സർഗ്ഗവേള ശാക്തീകരണം**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് മുറിയിൽ രൂപപ്പെടുന്ന ആവിഷ്ക്കാര രൂപങ്ങളുടെ അവതരണ വേദിയായി സർഗ്ഗവേളകളെ മാറ്റുക | 1. ആലോചനാ യോഗം പി.ടി.എ./എസ്.ആർ.ജി./ വിദ്യാരംഗം | June | PTA & SRG | |
| | 2. സർഗ്ഗവേള-പ്രവർത്തന പദ്ധതി രൂപീകരണം | June | SRG | |
| | 3. ഓരോ രണ്ട് ആഴ്ചയിലും ക്ലാസ്സ് മുറികളിൽ രൂപപ്പെടുന്ന ആവിഷ്ക്കാര രൂപങ്ങളെ കണ്ടെത്തലും അധ്യാപകരുടെ സഹായത്തോടെ മെച്ചപ്പെടുത്തലും | June മുതൽ തുടർ പ്രവർത്തനം | SRG വിദ്യാരംഗം | |
| | 4. സർഗ്ഗവേള അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ. | June | കുട്ടികൾ | |
| | 5. സാഹിത്യ നായകന്മാരുടെ അനുസ്മരണം (ഫോട്ടോ വിവരണം അടക്കം) മഹാകവികളുടെ പ്രശസ്ത രചനകൾ പരിചയപ്പെടുത്തൽ വിശ്വപ്രസിദ്ധ ക്ലാസ്സിക് കൃതികളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ നടത്തുക. | June to December | SRG / കുട്ടികൾ, പി.ടി.എ. അംഗങ്ങൾ എസ്.ആർ.ജി. അംഗങ്ങൾ | 2000/- വിദ്യാലയ വികസന സമിതി |
| Monitoring- AEO വിദ്യാരംഗം കൺവീനർ, DIET, PTA, വിദ്യാലയ വികസന സമിതി/നഗരസഭ | 6. ആവിഷ്ക്കാര രൂപങ്ങളുടെ അവതരണം. രചനകളുടെ അവതരണം-ചർച്ച മെച്ചപ്പെടുത്തി അവതരിപ്പിക്കാനുള്ള സന്ദർഭം മുതലായവ. നാടകം, ചിത്രീകരണം, പ്രസംഗം, കവിത, ലേഖനം, ആസ്വാദനക്കുറിപ്പുകൾ, ഇ.ടി.സി. | June to March | SRG | |

**മേഖല : അക്കാദമികം**
**ഉപമേഖല : പത്രമാസികാ കോർണർ**

| ലക്ഷ്യം | ഉപലക്ഷ്യങ്ങൾ/ പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിൽ വരുത്തുന്ന വിവിധ പത്രങ്ങളും മാസികകളും ആകർഷകമായി പ്രദർശിപ്പിക്കുകയും ചെയ്യുക. ഗ്രൂപ്പുകളായി വായനയ്ക്കും ചർച്ചയ്ക്കും അവസരം നൽകുക. സമൂഹത്തിലെ സംഭവവികാസങ്ങളും ഗതിവിഗതികളും തിരിച്ചറിയുകയും സ്വന്തം നിലപാട് രൂപീകരിക്കാൻ കഴിവുള്ളവരുമായി വിദ്യാർത്ഥി സമൂഹത്തെ മാറ്റിയെടുക്കുക. | 1. എസ്.ആർ.ജി./പി.ടി.എം. യോഗം പദ്ധതി രൂപീകരണം. | June | | |
| | 2. മുഖ്യധാരാ പത്രങ്ങൾ (മാതൃഭൂമി, മനോരമ, ദേശാഭിമാനി, ജനയുഗം, കേരള കൗമുദി, മാധ്യമം, ഇന്ത്യൻ എക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ (5 വീതം) ലഭിക്കാനാവശ്യമായ പ്രവർത്തനം. | Jue to August | PTA SRG | 6000/- PTA (Sponsor-ship) |
| | 3. പ്രമുഖ ആഴ്ചപ്പതിപ്പുകൾ, കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ എന്നിവ ശേഖരിക്കലും-ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും. | June | PTA SRG | 6000/- PTA (Sponsor-ship) |
| | 4. കുട്ടികൾക്ക് ഇരുന്ന് ചെറുസംഘങ്ങളായി ഉള്ള വായനയ്ക്ക് സൗകര്യമൊരുക്കൽ (തണൽമുറ്റം, സ്റ്റേജ് മറ്റുസ്ഥലങ്ങൾ) | June May | PTA വിദ്യാലയ വികസന സമിതി | |
| | 5. മികച്ച വായനക്കാരെയും മലയാളത്തിളക്കത്തിൽ പങ്കെടുത്തവരെയും ഉൾപ്പെടുത്തിയുള്ള വയന കൂട്ടം രൂപീകരിക്കുക. | June July | SRG | |
| | 6. പത്രങ്ങളും മാസികകളും പ്രദർശിപ്പിക്കാനും-സൂക്ഷിക്കാനും സൗകര്യം ഒരുക്കുക. | June to March | വികസന സമിതി | 3000/- Sponsorship |
| Monitoring- AEO, BPO, HM, PTA President, MA President വിദ്യാലയ വികസന സമിതി/നഗരസഭ | | | | |

## English-Up

1. Picture Description
2. Reading Cards - read one story
3. Risk Small Sentences -
4. Read and write
5. Read and Draw
6. Make Pyramids (Eg: Flower a Stoner, A beautiful Flower, A tiny beautiful Flower)
7. Read the lessons in TB and write “ing” (words) Ing ചേർന്നുള്ള വാക്കുകൾ എഴുതൽ)
8. Read and Act.

മലയാളം

1. വായന കാർഡ്
2. മധുരം മലയാളം - എന്ന പദത്തിൽ നിന്ന് എത്ര പദങ്ങൾ ഉണ്ടാക്കാം. (പദ നിർമ്മാണം)
3. ചെറിയ വിഷയം - കവിതാപൂരണം (പൂമ്പാറ്റ, കിളി മുതലായവ)
4. ചിത്ര വായന (ചിത്രം പ്രദർശിപ്പിച്ച വിവരണം, തയ്യാറാക്കൽ)
5. കഥാപൂരണം (വീഡിയോ പ്രദർശനം, കഥയെഴുതൽ)
6. ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ ഉപയോഗിച്ച് പദങ്ങളും, പദങ്ങൾ ഉപയോഗിച്ച് വാചകങ്ങളും ഉണ്ടാക്കുന്നു.
7. ചിത്രരചന-കഥയുടെ സന്ദർഭത്തിനനുസരിച്ച് ചിത്രം വരയ്ക്കുക.

സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ആവും വരെ പരിചയപ്പെടുത്തി. അതിനുശേഷം സ്വരാക്ഷരങ്ങൾക്കനുസരിച്ച ചിഹ്നങ്ങൾ ചേർക്കാനും വാക്കുകൾ ഉണ്ടാക്കാനും പഠിപ്പിച്ചു. വ്യഞ്ജനാക്ഷരങ്ങൾ അവക്കനുസരിച്ച് ചിഹ്നങ്ങൾ ചേർക്കാനും അവരെ പഠിപ്പിച്ചു. വായനക്കുള്ള ചെറിയ പദങ്ങൾ പരിചയപ്പെടുത്തി. വായനാക്കാർഡുകൾ വായനക്ക് നൽകി. പിന്നോക്കം നിൽക്കുന്നവർക്ക് വായനാ കാർഡുകൾ നൽകി.

ചിഹ്നം ഉറക്കാത്തവർക്ക് ആഭരണം അണിയിക്കാം എന്ന പ്രവർത്തനമാണ് കൊടുക്കുന്നത്.

വായിച്ച് അഭിനയിക്കു, ഊഹിച്ച എഴുതുക തുടങ്ങി അവസരോചിതമായ പ്രവർത്തനങ്ങളും നൽകാറുണ്ട്.

മാത്രമല്ല മുൻവർഷങ്ങളിലും ഇപ്പോഴുമായി ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ പതിപ്പുകളുടെ വലിയ ഒരു ശേഖരം തന്നെ സ്കൂളിനുണ്ട്. ഇവയെല്ലാം കുട്ടികൾക്ക് ബോധപൂർവ്വം അവസരങ്ങൾ കൊടുക്കാൻ ശ്രമിക്കാറുണ്ട്.

വായിച്ച കാര്യങ്ങൾ എഴുതിവെക്കാനുള്ള നിർദ്ദേശങ്ങളും കൊടുക്കുക പതിവാണ്.

**അക്ഷരക്കളരി**

മൂന്ന്, നാല് ക്ലാസ്സുകളിൽ ലഭ്യമായ വായനാകാർഡുകൾ ഉപയോഗപ്പെടുത്തി പരമാവധി വായനയ്ക്കായി അവസരം ഒരുക്കികൊടുക്കുന്നു. അവയെ കഥയായോ, സംഭാഷണമായോ അവതരിപ്പിക്കാനുള്ള അവസരങ്ങളും (സാധ്യമായ സമയത്ത്) കൊടുക്കാറുണ്ട്.

കളിക്കുടുക്ക, മിന്നാമിന്നി, ബാലമ്മ, മാജിക്പോട്ട് എന്നിങ്ങനെയുള്ള പുസ്തകങ്ങൾ കുറേ ശേഖരിച്ചിട്ടുണ്ട്. അവസാന പിരീഡുകളിൽ അവർ യഥേഷ്ടം എടുത്ത് വായിക്കാറുമുണ്ട്.

തീരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരക്കാർഡുകൾ കൊടുക്കുകയാണ് പതിവ്. ചിത്രവും അക്ഷരവുമുള്ള ധാരാളം കാർഡുകൾ തയ്യാറാക്കിയിട്ടുമുണ്ട്.

## Std- I & II English

1. Ask children to wide the new words. Let them find and the word when it repeats in the lesson or other lesson or other situations

2. Give them ample opportunities to make simple sentences.

In Ist std. let them familiarise with the usage of can, am, is are etc. and adjectives like big, small etc. In IInd std. let then use words like can, has etc. and adjectives like beautiful, big, roud, Higher level langauge elements in Std. III and IV

3. Ask simple questions and let them respond freely to the questios. Try to higgen the question words to their mind internationally.

At least let the be familiar with question words and understand and respond to the questions.

4. Supply the reading cards after December let them read it.

5. Use let to tall the stories and slowly let then cell the story seing the pictures in their owner words.

6. Use language games and Hello English activities.